പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 301

07.07.2009-ൽ മറുപടിയ്ക്ക്

## വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് നടപടികൾ

ചോദ്യം

ശ്രീ. എം. കെ. പ്രേംനാഥ്.

ഉത്തരം

ശ്രീ. സി. ദിവാകരൻ,
(ഭക്ഷ്യവും സിവിൽ സപ്ളൈസും
മൃഗസംരക്ഷണവും വകുപ്പ് മന്ത്രി)

(എ). ഈ സർക്കാർ അധികാരമേറ്റശേഷം സപ്ളൈ കോവിന്റെയും മറ്റും നേതൃത്വത്തിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(എ). വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ളൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയേക്കാൾ ശരാശരി 40% വരെ കുറഞ്ഞ നിരക്കിൽ അവശ്യസാധനങ്ങൾ 10 പീപ്പിൾസ് ബസാറുകൾ, 311 സൂപ്പർ മാർക്കറ്റുകൾ, 1671 ശബരി സ്റ്റോറുകൾ ഉൾപ്പെടെ സപ്ളൈകോയുടെ മൂവായിരത്തിൽപ്പരം ഔട്ട്‌ലെറ്റുകൾ വഴി ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. അരിവില വർദ്ധനയെ തുടർന്ന് എല്ലാ വില്പന ശാലകൾ വഴിയും 14 രൂപയ്ക്ക് പുഴുക്കലരിയും 13.50 രൂപയ്ക്ക് പച്ചരിയും വിതരണം ചെയ്തു വരുന്നു. 2009 മെയ് മാസം വരെ 1,27,736 ടൺ അരി ഇത്തരത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതുവഴി അരിവില ക്രമാതീതമായി ഉയരുന്നത് തടയാൻ കഴിഞ്ഞിട്ടുണ്ട്. മൂന്ന് വർഷങ്ങൾക്കു മുൻപ് സിവിൽസപ്ളൈസ് കോർപ്പറേഷൻ വില്പന ശാലകളെ ആശ്രയിച്ചിരുന്നത് 32 ലക്ഷം ജനങ്ങളായിരുന്നു. ഇത് ഇപ്പോൾ 80 ലക്ഷത്തിലധികമായി ഉയർന്നു. ഇത് സിവിൽസപ്ളൈസ് കോർപ്പറേഷൻ മുഖനേയുള്ള മാർക്കറ്റ് ഇടപെടൽ കൂടുതൽ ജനങ്ങളിലേക്ക് എത്തുന്നുവെന്നതിന്റെ ഉത്തമോദ്ദാഹരണമാണ്. ശാസ്ത്രീയമായി സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാ ക്കുകവഴി എല്ലാ വില്പന ശാലകളിലും എല്ലാ സമയത്തും അവശ്യ സാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി ഗുണനിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉല്പന്നത്തിന്റെ ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള

സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ശാസ്ത്രീയമായ വില നിർണ്ണയ സംവിധാനം ഏർപ്പെടുത്തുക വഴി വിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു. ഗോതമ്പു പൊടിയുടെ വിലവർദ്ധന തടയുവാനായി റേഷൻ കടകൾ വഴി ഫോർട്ടി ഫൈഡ് ആട്ട കിലോക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു. മേൽപ്പറഞ്ഞ നടപടികൾ വഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിക്കു കയും അതുവഴി പൊതുവിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു. കഴിഞ്ഞ ഓണ ക്കാലത്ത് 17.54 ലക്ഷം ബി.പി.എൽ കുടുംബ ങ്ങൾക്ക് അവശ്യ സാധനങ്ങൾ അടങ്ങിയ കിറ്റും, ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് 12 കി.ഗ്രാം അരി വീതവും സൗജന്യമായി നൽകിയിട്ടുണ്ട്.

അരിയും പലവ്യഞ്ജനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗസാധനങ്ങളുടെ വിതരണ ത്തിലും സപ്ളൈകോ ഇടപെടുന്നു. Fast Moving Consumer Goods (FMCG) സാധനങ്ങൾ Maximum Retail Price (MRP) യേക്കാൾ 10% വരെ വിലക്കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു. കൂടാതെ, സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ കീഴിൽ 5 മരുന്നു മൊത്ത വിതരണ കേന്ദ്രങ്ങൾ ആരംഭിച്ചതുവഴി സാധാരണ ജനങ്ങൾക്ക് ആശ്വാസമായി 12 മുതൽ 43 ശതമാനംവരെ വിലക്കുറച്ച് മരുന്നുകൾ 90 സപ്ളൈകോ മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നുണ്ട്. ഇതിനുപുറമേ പൊതുവിപണി യിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറി പൗഡറുകൾ, വെളിച്ചണ്ണ, കായം, വാളൻപുളി എന്നിവ 'ശബരി ' എന്നപേരിൽ വിപണിയിൽ വില്പന നടത്തിവരുന്നു. ഇതിനുപുറമേ ജില്ലാ കളക്ടർമാർ തെരഞ്ഞെടുക്കുന്ന ഹോട്ടലു കൾക്ക് സപ്ളൈകോ അവശ്യസാധനങ്ങൾ നൽകുകയും അതുവഴി ഹോട്ടലുകളിലൂടെ വിൽക്കുന്ന ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രിക്കാനും നടപടിയെടുത്തു വരുന്നു. ഇതനുസരിച്ച് കുറഞ്ഞ നിരക്കിൽ ഉച്ചയൂണ്

നൽകാൻ കഴിയും. സംസ്ഥാനത്ത് ജില്ലാ കളക്ടർമാർ നേതൃത്വം നല്കുന്ന തരത്തിൽ സംഘടിപ്പിക്കാനാണ് സർക്കാർ പദ്ധതി ആവഷ്ക്കരിച്ചിരിക്കുന്നത്.

ഇപ്രകാരമുള്ള കമ്പോള ഇടപെടലിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് കഴിഞ്ഞ വർഷം 200 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന് 100 കോടിയോളം രൂപ വിവിധ നികുതിയിനങ്ങളായി ലഭിച്ചു.

നിലവിലുള്ള ഇത്തരം സംവിധാനങ്ങൾക്കു പുറമേ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 'പച്ചക്കറിയുൾപ്പെടെയുള്ള അവശ്യ സാധനങ്ങൾ പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാൻ സപ്ളൈകോ സ്പെഷ്യൽ ഫെയറുകൾ തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന് പുറമേ എല്ലാ ജില്ല കളിലും രെഞ്ഞെടുക്കപ്പെട്ട ഒരു സൂപ്പർമാർക്കറ്റ്/ പീപ്പിൾസ് ബസാറുകൾ വഴി പച്ചക്കറി വില്പന നടത്തുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്. പൊതുവിപണിയേക്കാൾ 10 ശതമാനം വരെ വിലക്കുറവിലായിരിക്കും പച്ചക്കറികൾ സ്പെഷ്യൽ ഫെയറുകൾ വഴിയും സൂപ്പർ മാർക്കറ്റുകൾ വഴിയും വിതരണം ചെയ്യുന്നത്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ പൊതുവിതരണ മേഖല ഫലപ്രദവും കാര്യക്ഷമ വുമാക്കുന്നതിൽ സർക്കാർ ഒട്ടേറേ നടപടികൾ സ്വീകരിച്ചു. കൂടാതെ പൊതു കമ്പോളത്തിലെ അരിവില: ഗണ്യമായി നിയന്ത്രിക്കുവാൻ സർക്കാർ കിലോയ്ക്ക് 2 രൂപ അരി എന്ന പദ്ധതിയും നടപ്പിലാക്കി. സംസ്ഥാന തലത്തിലും ജില്ലാ താലൂക്കു തലങ്ങളിലും ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ പ്രവർത്തിച്ചുവരുന്നതും ജില്ലാതല പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതുമാകുന്നു. കൃത്രിമ വിലക്കയറ്റത്തിന് കാരണമാകുന്ന കരിച്ചന്ത, പൂഴ്ത്തിവയ്പ്പ് ഇവ തടയുന്നതിന് സംസ്ഥാന ജില്ലാ താലൂക്കു തലങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നതാകുന്നു. കൂടാതെ ഈ വകുപ്പ് ഉദ്യോഗസ്ഥർ നിരന്തരം പൊതു വിപണിയിൽ പരിശോധനകൾ നടത്തി വരുന്നതും കരിഞ്ചന്ത, പുഴ്ത്തിവയ്പ്പ് എന്നിവ നടത്തുന്നവർക്ക് എതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| ബി). ഈ സർക്കാരിന്റെ കമ്പോള ഇടപെടൽ നയത്തിന്റെ ഭാഗമായി എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാക്കുവാൻ സാധിച്ചുവെന്നും ഇനിയും എന്തൊക്കെ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നെന്നും വിശദീകരിക്കുമോ? | (ബി). വിലക്കുറവിന്റെ ആനുകൂല്യം കൂടുതൽ ജനങ്ങളിലേക്കെത്തിക്കാനായി 250 സൂപ്പർ മാർക്കറ്റുകളും 50 മാവേലി സ്റ്റോറുകളും ഈ സാമ്പത്തിക വർഷം ആരംഭിക്കാനും അതുവഴി വിപണി വിഹിതം 35% ആയി വർദ്ധിപ്പിക്കാനും ഉദ്ദേശിച്ചിട്ടുണ്ട്. അതുവഴി ഒരു കോടി ജനങ്ങൾക്ക് വിലക്കുറവിന്റെ പ്രയോജനം ലഭിക്കുകയും വിപണിവില നിയന്ത്രിക്കാൻ കഴിയുകയും ചെയ്യും. കൂടാതെ ഈ സർക്കാരിന്റെ മൂന്നാം വാർഷിക സമ്മാനമായി എ.എ.വൈ കാർഡുകാർക്ക് പ്രതിമാസ വിഹിതത്തിനു പുറമേ 10 കിലോ ഗ്രാം അരി വീതം കൂടുതലായി നല്കിയിട്ടുണ്ട്. എൻ.ഇ കാർഡുകാർക്ക് ഒരു ലിറ്റർ മണ്ണെണ്ണയും പ്രതിമാസ വിഹിതത്തിന് പുറമേ അധികമായി നല്കിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ - പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 302 — 7.7.2009-ൽ മറുപടിയ്ക്ക്

# ആസൂത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ. സി.ടി.അഹമ്മദ് അലി<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി | ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തൽ, സാമ്പത്തിക അച്ചടക്കം, ചെലവ് ചുരുക്കൽ എന്നിവ സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ; | (എ) പതിനൊന്നാം പദ്ധതിയുടെ ആരംഭത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അധിക വിഭവ സമാഹരണം സംബന്ധിച്ച ചില നിർദ്ദേശങ്ങൾ ആസൂത്രണ ബോർഡ് ധനകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. മുഖ്യമായും അടിസ്ഥാന ഭൂനികുതി, ആഡംബര വസ്തുക്കളായ സ്വർണ്ണം, വാഹന നികുതി, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള നികുതി, കടകൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കുള്ള നികുതി എന്നിവ ഇതിൽ ഉൾപ്പെടുന്നു. |
| (ബി) എങ്കിൽ ഈ നിർദ്ദേശങ്ങൾ ഏതെല്ലാം വകുപ്പുകളാണ് പ്രാവർത്തികമാക്കേണ്ടതെന്നും, അതിന്മേൽ ഓരോ വകുപ്പും ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദീകരിക്കുമോ ? | (ബി) സംസ്ഥാന ആസൂത്രണ ബോർഡ് ധനകാര്യ വകുപ്പിന് നൽകിയ പ്രസ്തുത നിർദ്ദേശങ്ങൾ ബഡ്ജറ്റ് രൂപീകരണ ഘട്ടത്തിൽ പരിഗണിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 303

07.07.09-ൽ
മറുപടിക്ക്

### ഭക്ഷ്യ സുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>" പി. വിശ്വൻ<br>" വി.ജെ. തങ്കപ്പൻ<br>" ആനത്തലവട്ടം ആനന്ദൻ<br>" ബി.ഡി. ദേവസ്സി | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള ഭക്ഷ്യ സുരക്ഷാ നിയമം അതേപടി നടപ്പാക്കിയാൽ അത് സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) ദേശീയ ഭക്ഷ്യ സുരക്ഷ നിയമ നിർമ്മാണത്തിനുള്ള ഒരു ' ആശയക്കുറിപ്പ്' ആണ് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ അഭിപ്രായത്തിനായി നൽകിയിട്ടുള്ളത്. എ.പി.എൽ വിഭാഗങ്ങളെ ദേശീയ ഭക്ഷ്യ സുരക്ഷ നിയമത്തിൽ നിന്നും ഒഴിവാക്കാനും ദരിദ്ര വിഭാഗങ്ങൾക്ക് ഇപ്പോൾ നൽകിവരുന്ന വിവിധ പദ്ധതികളിലുള്ള ആനുകൂല്യങ്ങളിൽ (എ.എ.വൈ, അന്നപൂർണ്ണ, വില്ലേജ് ധാന്യ ബാങ്ക്, സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണം തുടങ്ങിയവ) മാറ്റം വരുത്തുവാനും ഈ കുറിപ്പിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, ബി.പി.എൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അതിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങളും സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്നതാണ്. അതോടൊപ്പം ഇപ്പോൾ ബി.പി.എൽ കാർഡുടമകൾക്ക് നൽകിവരുന്ന 35 കിലോ ഭക്ഷ്യധാന്യം 25 കിലോ നിരക്കിലാക്കാനും നിർദ്ദേശിച്ചിരിക്കുന്നു. |
| (ബി) പ്രസ്തുത നിയമം സംസ്ഥാനത്തെ ദരിദ്ര വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ പരിമിതപ്പെടുത്താൻ ഇടയാക്കുമോ; | (ബി) ഇടയാക്കും |

| | | | |
|---|---|---|---|
| (സി) | ഭക്ഷ്യ സുരക്ഷാ ബിൽ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) | ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഭക്ഷ്യ സുരക്ഷാ നിയമം പ്രകാരം ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കുമാത്രമായി റേഷൻ വിതരണം പരിമിതപ്പെട്ടേക്കും. സംസ്ഥാനത്ത് ആകെയുള്ള 70.34 ലക്ഷം കുടുംബങ്ങളിൽ 42% കുടുംബങ്ങൾ ബി.പി.എൽ/എ.എ.വൈ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്. കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന എണ്ണം മാത്രം കുടുംബങ്ങളെ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയാൽ (ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം 25% ആയി നിജപ്പെടുത്തുകയാണെങ്കിൽ) വലിയൊരു വിഭാഗം പാവപ്പെട്ടവർക്ക് അർഹതപ്പെട്ട റേഷൻ ഇല്ലാതാകും.

ഓരോ വർഷവും ബി.പി.എൽ ലിസ്റ്റ് പുതുക്കുന്നതിന് കേന്ദ്രസർക്കാർ നിശ്ചയിക്കുകയാണെങ്കിൽ അത് സംസ്ഥാന സർക്കാരിന് വൻ സാമ്പത്തിക ബാധ്യത വരുത്തി വയ്ക്കും. നിലവിൽ ബി.പി.എൽ കുടുംബങ്ങളെ കണ്ടെത്തുന്നതിന് സംസ്ഥാന സർക്കാർ സർവ്വേ നടത്തി വരികയാണ്. ഈ സർവ്വേ പ്രകാരം തയ്യാറാക്കുന്ന ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടാൻ യോഗ്യതയുള്ളവരുടെ ലിസ്റ്റ് കേന്ദ്രസർക്കാർ അംഗീകരിക്കുകയാണെങ്കിൽ അതാണ് സംസ്ഥാനത്തെ ജനങ്ങൾക്ക് കൂടുതൽ അഭികാമ്യം. പ്രസ്തുത ലിസ്റ്റിന്റെ കാലാവധി 5 വർഷമായി നിജപ്പെടുത്തുകയും വേണം. പ്ളാനിംഗ് കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ബി.പി.എൽ ലിസ്റ്റ് പ്രകാരം ഭക്ഷ്യ ധാന്യങ്ങൾ അനുവദിച്ചാൽ കേരള സംസ്ഥാനത്തിന് 38,850 MT അരി മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ സംസ്ഥാന സർക്കാരിന് ഇപ്പോൾ (ബി.പി.എൽ, എ.എ.വൈ ഉൾപ്പെടെ) 54384MT അരി ലഭിക്കുന്നുണ്ട്.

എ.പി.എൽ വിഭാഗത്തെ പൊതു വിതരണ ശൃംഖലയിൽ നിന്ന് ഒഴിവാക്കാനും ഈ നിയമം നിർദ്ദേശിക്കുന്നുണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ഈ തീരുമാനം വളരെ പ്രതികൂലമായി ബാധിക്കും. പൊതു വിപണിയിലെ വിലക്കയറ്റം മൂലം ഇപ്പോൾ എ.പി.എൽ വിഭാഗത്തിൽ പെട്ടവരിൽ വളരെയധികം പേരും പൊതു വിതരണ ശൃംഖലയെ ആശ്രയിക്കുന്നുണ്ട്. ഭക്ഷ്യ ധാന്യങ്ങളുടെ കാര്യത്തിൽ കമ്മിസംസ്ഥാനമായ കേരളത്തിന് പ്രത്യേക പരിഗണന ഈ വിഷയത്തിൽ ലഭിക്കേണ്ടതാണ്.

ബി.പി.എൽ പദ്ധതിയുടെ അവാന്തര വിഭാഗങ്ങളെ (എ.എ.വൈ/അന്നപൂർണ്ണ തുടങ്ങിയവ) ഒഴിവാക്കാൻ കേന്ദ്രം ആലോചിക്കുന്നുണ്ട്. 65 വയസ്സു കഴിഞ്ഞ വയോവൃദ്ധർക്ക് പ്രതിമാസം 10 കിലോ അരി സൗജന്യമായി നൽകുന്ന അന്നപൂർണ്ണ പദ്ധതി ഒഴിവാക്കുന്നത് വൃദ്ധജനങ്ങളോടുള്ള ക്രൂരതയായിരിക്കും.

ഭക്ഷ്യ വിതരണം മുടങ്ങുകയാണെങ്കിൽ പകരം ഭക്ഷ്യ സുരക്ഷാ അലവൻസ് അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ ബാധ്യസ്ഥരായിരിക്കുമെന്ന് ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ കരടുരൂപത്തിൽ പറയുന്നു. ഇത് പ്രായോഗികമല്ല. ഭക്ഷ്യ വിതരണം മുടങ്ങാത്ത വിധത്തിൽ അലോട്മെന്റ് നിർണ്ണയിച്ചു തന്നെങ്കിൽ മാത്രമേ പൊതുവിതരണ സമ്പ്രദായം സുഗമമായി മുമ്പോട്ടു നീങ്ങുകയുള്ളു. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്വം സംസ്ഥാന സർക്കാരുകളുടെ മാത്രമായി പരിമിതപ്പെടുത്തുന്നത് ശരിയല്ല. സംഭരണവും സന്തുലിതവുമായ വിതരണവും വഴി രാജ്യത്തൊട്ടാകെ ഭക്ഷ്യ ലഭ്യത ഉറപ്പുവരുത്തേണ്ടുന്ന ബാദ്ധ്യത കേന്ദ്ര സർക്കാരിന്റേതാണ്. സംസ്ഥാനത്തിനകത്തുള്ള വിതരണ ചുമതലയാണ് സംസ്ഥാനസർക്കാരിനുള്ളത്.

70 കോടിയോളം രൂപ സംസ്ഥാന ഖജനാവിൽ നിന്ന് ചെലവാക്കി 3.4 ലക്ഷം ടൺ നെല്ല് കേന്ദ്ര പൂളിലേയ്ക്ക് കേരളം നൽകുന്നുണ്ട്. കൂടാതെ 26 ലക്ഷം കുടുംബങ്ങൾക്ക് കിലോയ്ക്ക് 2 രൂപ നിരക്കിൽ അരി നൽകുന്നതുമൂലം 250 കോടിയോളം രൂപ സംസ്ഥാന സർക്കാരിന് ചെലവാകുന്നുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കാക്കി, ഉപഭോഗ സംസ്ഥാനമെന്ന പരിഗണനയിൽ 8 സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന സ്പെഷ്യൽ കാറ്റഗറിയിൽ കേരളത്തെ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

കരട് ഭക്ഷ്യ സുരക്ഷാ നിയമത്തിനുള്ള സംസ്ഥാന സർക്കാരിന്റെ ഖണ്ഡിക തിരിച്ചുള്ള അഭിപ്രായം ചുവടെ ചേർക്കുന്നു.

ഭക്ഷ്യ സുരക്ഷാ നിയമത്തിലുള്ള സംസ്ഥാന സർക്കാരിന്റെ ഖണ്ഡിക തിരിച്ചുള്ള അഭിപ്രായം

| നമ്പർ | ഖണ്ഡിക | അഭിപ്രായം |
|---|---|---|
| 1. | എല്ലാ ഭക്ഷ്യ വിളകളുടെയും ഉല്പാദനം ഉയർത്തുക, പോഷകമൂല്യമുള്ള/സുരക്ഷിതമായ ഭക്ഷണം ഉറപ്പുവരുത്തുക, എ.പി.എൽ ഉൾപ്പെടെയുള്ള സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും താങ്ങാവുന്ന നിരക്കിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുക എന്നീ കാര്യങ്ങൾ ഉൾപ്പെടുന്ന വിശാലമായ ആശയമാണ് ഭക്ഷ്യ സുരക്ഷ. | പോഷകാഹാരകുറവ് ഒഴിവാക്കാനും പാവപ്പെട്ട ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ഭക്ഷ്യ സുരക്ഷ നിയമം അത്യന്താപേക്ഷിതമാണ്. എന്നാൽ ഇത് എ.പി.എൽ, ബി.പി.എൽ, എ.എ.വൈ ഉൾപ്പെടെ ഉള്ള എല്ലാ വിഭാഗങ്ങളുടെയും ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തക്കവിധത്തിൽ മാറ്റം വരുത്തേണ്ടതാണ്. |

| | | |
|---|---|---|
| 2. | ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ബി.പി.എൽ വിഭാഗത്തെ കേന്ദ്രീകരിച്ചുള്ള ലക്ഷ്യാധിഷ്ഠിത പൊതു വിതരണ സമ്പ്രദായം സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി, അന്നപൂർണ്ണ, വില്ലേജ് ഗ്രെയ്ൻ ബാങ്ക് തുടങ്ങിയ പദ്ധതികൾ കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്നു. എന്നിരുന്നാലും ഭക്ഷ്യ സുരക്ഷക്ക് നിയമ പരിരക്ഷ നൽകേണ്ടതുണ്ട്. | പ്രസ്തുത പദ്ധതികൾ സംസ്ഥാനത്തും നടപ്പിലാക്കി വരുന്നുണ്ട്. |
| 3. | രാജ്യത്തിലെ എല്ലാ പൗരൻമാർക്കും പ്രത്യേകിച്ച് ബി.പി.എൽ ഗുണഭോക്താക്കൾക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്നതാണ് ദേശീയ ഭക്ഷ്യ സുരക്ഷ നിയമത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. | ബി.പി.എൽ കാർക്ക് മാത്രമായി ചുരുക്കുന്നതിനോട് യോജിപ്പില്ല. എല്ലാ പൗരന്മാർക്കും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കണം. |
| 4. | ലക്ഷ്യാധിഷ്ഠിത പൊതു വിതരണ സമ്പ്രദായം - കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ കൂട്ടുത്തരവാദിത്തമാണ്. | ലക്ഷ്യാധിഷ്ഠിത പൊതു വിതരണ സമ്പ്രദായം കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്നു. ഈ സമ്പ്രദായം 14235 റീട്ടെയ്ൽ ഷോപ്പുകളിലൂടെ നടപ്പാക്കിവരുന്നു. അലോട്ട് ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ, എഫ്.സി.ഐ ഡിപ്പോകളിൽ നിന്നും ലിഫ്റ്റ് ചെയ്ത് കാർഡുടമകൾക്ക് നൽകി വരുന്നു. |
| 4.1 | ഭക്ഷ്യ സുരക്ഷ ഉറപ്പാക്കേണ്ട പ്രാഥമിക ഉത്തരവാദിത്വം സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങൾക്കുള്ളതാണ്. | ലക്ഷ്യാധിഷ്ഠിത പൊതു വിതരണ സമ്പ്രദായം കാര്യക്ഷമമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഭക്ഷ്യ കമ്മിയുള്ള സംസ്ഥാനങ്ങളിൽ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്തം കേന്ദ്ര സർക്കാരിന്റേതാണ്. |
| 4.2 | പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്ക് ലക്ഷ്യധിഷ്ഠിത പൊതു വിതരണ സമ്പ്രദായം സംബന്ധിച്ച് ഉത്തരവാദിത്തങ്ങൾ നൽകേണ്ടതാണ്. | സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ലക്ഷ്യാധിഷ്ഠിത പൊതു വിതരണ സമ്പ്രദായം നടപ്പിലാക്കി വരുന്നു. അധിക ജോലി ഭാരം നിമിത്തം തദ്ദേശീയ സ്ഥാപനങ്ങൾ കൂടുതൽ ഉത്തരവാദിത്തം ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്നുണ്ട്. |
| 5 | ഗ്രാമനഗര പ്രദേശങ്ങളിലെ ബി.പി.എൽ കുടുബങ്ങൾക്ക് ഓരോ മാസവും നിശ്ചിത അളവ് ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിനായി അവർക്ക് നിയമ പരിരക്ഷ നൽകും. | ബി.പി.എൽ വിഭാഗങ്ങൾക്ക് പ്രത്യേക സംരക്ഷണം കിട്ടണം. എങ്കിലും താഴ്ന്ന വരുമാനമുള്ള എ.പി.എൽ വിഭാഗക്കാരെ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ കീഴിൽ കൊണ്ടുവരേണ്ടതാണ്. |

| | | |
|---|---|---|
| 6 | പ്ളാനിംഗ് കമ്മീഷന്റെ റിപ്പോർട്ടിന്റെയും സെൻസസ് രജിസ്ട്രാർ ജനറലുടെ സെൻസസ് ഡാറ്റയുടെയും അടിസ്ഥാനത്തിൽ ബി.പി.എൽ കുടുംബങ്ങളുടെ എണ്ണം കേന്ദ്ര സർക്കാർ നിശ്ചയിക്കുന്നതാണ്. ഇങ്ങനെ അംഗീകരിച്ച ബി.പി.എൽ ലിസ്റ്റ് അടുത്ത 5 കൊല്ലത്തേക്ക് ബാധകമായിരിക്കും. | 70.34 ലക്ഷം കുടുംബങ്ങൾ ഉള്ളതിൽ 42% കുടുംബങ്ങൾ ബി.പി.എൽ/എ.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇപ്പോൾ നടത്തിവരുന്നസർവ്വേ പ്രകാരം നിശ്ചയിക്കുന്ന ബി.പി.എൽ കുടുംബങ്ങളുടെ ലിസ്റ്റ് ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിനായി ഉപയോഗിക്കാവുന്നതാണ്. ഈ ലിസ്റ്റിന് 5 വർഷത്തെ കാലാവധിയുണ്ടായിരിക്കും. |
| 6.1 | കേന്ദ്ര സർക്കാരിന് ലഭ്യമായ വിവരം അനുസരിച്ച് എ.എ.വൈ ഉൾപ്പെടെ രാജ്യത്ത് 6.52കോടി ബി.പി.എൽ കുടുംബങ്ങൾ ഉണ്ട്. എന്നാൽ സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലെ സർക്കാരുകളുടെ ലിസ്റ്റ് പ്രകാരം ഇത് 10.68 കോടിയാണ്. | 5.9 ലക്ഷം എ.എ.വൈ കുടുംബങ്ങൾക്ക് 35 കി.ഗ്രാമും ബി.പി.എൽ കുടുംബങ്ങളക്ക് 25 കി.ഗ്രാം വീതവും ഭക്ഷ്യധാന്യം നൽകിവരുന്നു. എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും 35 കിലോവീതം ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനായി സ്പെഷ്യൽ അലോട്ട്മെന്റ് നടത്തേണ്ടതാണ്. |
| 6.2 & 6.3 | ബി.പി.എൽ കുടുംബങ്ങളുടെ എണ്ണം പ്ളാനിംഗ് കമ്മീഷന്റെയും സെൻസസ് രജിസ്ട്രാർ ജനറലുടെ സെൻസസ് ഡാറ്റയുടെയും അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതും ഈ ലിസ്റ്റ് 5 വർഷത്തേക്ക് നിലനിർത്തേണ്ടതുമാണ്.<br><br>ബി.പി.എൽ ലിസ്റ്റ് അന്തിമമായി നിശ്ചയിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. | ബി.പിഎൽ കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടന്നുവരുന്നു. ഇങ്ങനെ തയ്യാറാക്കുന്ന ലിസ്റ്റ് കേന്ദ്ര സർക്കാർ അംഗീകരിക്കേണ്ടതുണ്ട്. |
| 6.4 | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കേണ്ട പ്രാഥമിക ഉത്തരവാദിത്തം സംസ്ഥാന സർക്കാരുകൾക്കുള്ളതാണ്. പ്ളാനിംഗ് കമ്മീഷന്റെ അംഗീകരിച്ച ബി.പി.എൽ ലിസ്റ്റ് പ്രകാരം സംസ്ഥാനങ്ങളുടെ ഭക്ഷ്യ സബ്സിഡി പരിമിതപ്പെടുത്തും. പ്രസ്തുത നിയമത്തിൽ നിന്ന് വ്യതിചലിക്കുന്നത് ശിക്ഷാർഹമായ വകുപ്പ് ആയി കണക്കാക്കേണ്ടതാണ്. | സംസ്ഥാന സർക്കാർ തയ്യാറാക്കുന്ന ലിസ്റ്റ് കേന്ദ്ര സർക്കാർ അംഗീകരിച്ചാൽ ഭക്ഷ്യ ധാന്യ വിലയ്ക്കും അളവിനും വ്യത്യാസം വരില്ല. കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന വിലയേക്കാളും കുറഞ്ഞ വില നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം സംസ്ഥാന സർക്കാരിന് നൽകണം. പാവപ്പെട്ട ജനങ്ങളുടെ താല്പര്യത്തിനായാണ് പ്രസ്തുത ആക്റ്റിൽ വ്യതിയാനങ്ങൾ വരുത്തുന്നത്. ഇത് ശിക്ഷാർഹമാണെന്ന നിർദ്ദേശത്തോട് യോജിപ്പില്ല. |
| 6.5 | ബി.പി.എൽ റേഷൻ കാർഡുകൾ വർഷം തോറും പുന:പരിശോധന നടത്തിപുതുക്കേണ്ടതാണ്. | വർഷം തോറും ബി.പി.എൽ ലിസ്റ്റ് പുതുക്കുക എന്നത് പ്രായോഗികമല്ല |

| | | |
|---|---|---|
| 7 | ലക്ഷ്യാധിഷ്ഠിത പൊതു വിതരണ സമ്പ്രദായത്തിന്റെ കീഴിലുള്ള ഭക്ഷ്യ ധാന്യങ്ങളുടെ വിതരണം ബി.പി.എൽ കുടുംബങ്ങൾക്കാണോ/വ്യക്തികൾക്കാണോ എന്ന വിഷയത്തിൽ അന്തിമ അഭിപ്രായം ഉണ്ടാകേണ്ടതാണ്. | ബി.പി.എൽ കുടുംബങ്ങൾക്ക്, ഓരോ കുടുംബത്തിലേയും അംഗങ്ങളുടെ എണ്ണം അനുസരിച്ച് ഒരു മാസം പരമാവധി 35 കിഗ്രാം ഭക്ഷ്യധാന്യങ്ങൾ നൽകണമെന്ന നിർദ്ദേശം നടപ്പിലാക്കാവുന്നതാണ്. ഒരു വ്യക്തിക്ക് ഒരുമാസത്തേക്ക് 5 കി.ഗ്രാം ഭക്ഷ്യധാന്യം അലോട്ട് ചെയ്യാവുന്നതാണ്. |
| 8. | സെൻട്രൽ പൂളിലെ ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത അനുസരിച്ചായിരിക്കും എ.പി.എൽ വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ അളവ് നിശ്ചയിക്കുന്നത്. എ.പി.എൽ വിഭാഗങ്ങളുടെ എണ്ണം കൂട്ടുന്നതിന് ആനുപാതികമായി ഓരോകാർഡിനുമുള്ള ഭക്ഷ്യധാന്യങ്ങളുടെ അളവ് വകകൊള്ളിക്കാനാവില്ല. എ.പി.എൽ കുടുംബങ്ങളെ ലക്ഷ്യാധിഷ്ഠിത പൊതു വിതരണ സമ്പ്രദായത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്. ഭക്ഷ്യ കമ്മിയുള്ള സംസ്ഥാനങ്ങൾക്ക് മാത്രം എ.പി.എൽ വിഭാഗങ്ങൾ ക്കുള്ള ഭക്ഷ്യധാന്യം അനുവദി ക്കേണ്ടതാണ്. | ബി.പി.എൽ കുടുംബങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താതെ, ഭക്ഷ്യകമ്മി സംസ്ഥാന മെന്ന പരിഗണനയിൽ കേരളത്തിലെ എ.പി.എൽ കടുംബങ്ങൾക്ക് കൂടി നിശ്ചിത അലോട്ട്മെന്റ് നൽകേണ്ടതാണ്. എ.പി.എൽ കുടുംബങ്ങളെ ലക്ഷ്യാധിഷ്ഠിത പൊതു വിതരണ സമ്പ്രദായത്തിൽ നിന്ന് ഒഴിവാക്കാൻ പാടില്ല. നിലവിൽ കേരളത്തിന് നൽകുന്ന എ.പി.എൽ ക്വാട്ട ഉയർത്തേണ്ടതാണ്. |
| 9<br>I to V | നിലവിലുള്ള ബി.പി.എൽ ലിസ്റ്റ് അനുസരിച്ച് ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യേണ്ടിവരുന്നത് സെൻട്രൽ പൂളിന് ഭീമമായ ബാധ്യത ഉണ്ടാക്കുന്നു. ആയതിനാൽ ഏറ്റവുംപുതിയ ദരിദ്ര നിർണ്ണയ/ജനസംഖ്യാ കണക്കനുസരിച്ച് ബി.പി.എൽ കാർഡുകളുടെ എണ്ണം നിശ്ചയിക്കേണ്ടതാണ്. എ.പി.എൽ വിഭാഗത്തിൽ അധികമായി വരുന്ന ബാധ്യത സെൻട്രൽ പൂളിന് വഹിക്കാൻ കഴിയില്ല. ഒരു കുടുംബത്തിന് 25 കി.ഗ്രാം വീതമോ ഒരു വ്യക്തിക്ക് 5 കി.ഗ്രാം വീതമോ ബി.പി.എൽ വിഭാഗങ്ങൾക്ക് ധാന്യ അളവ് നിശ്ചയിക്കാവുന്നതാണ്. | എ.പി.എൽ കുടുംബങ്ങൾക്ക് കൂടി മിനിമം അളവ് ഭക്ഷ്യധാന്യം ഉറപ്പുവരുത്തേണ്ടതാണ്. എ.പി.എൽ വിഭാഗത്തിലെ പാവപ്പെട്ടവർ റേഷൻ ഷോപ്പുകളെയാണ് ഭക്ഷ്യധാന്യങ്ങൾ ക്കായി പ്രധാനമായും ആശ്രയിക്കുന്നത്. ഭക്ഷ്യ കമ്മി സംസ്ഥാനമെന്ന പരിഗണനയിൽ കേരളത്തെ സ്പെഷ്യൽ കാറ്റഗറിയിൽ ഉൾപ്പെടുത്തേണ്ടതാണ്. സ്പെഷ്യൽ കാറ്റഗറി സംസ്ഥാനങ്ങൾക്ക് നൽകുന്ന വിലയിലും അളവിലും ഭക്ഷ്യധാന്യങ്ങൾ കേരളത്തിന് നൽകേണ്ടതാണ്. |
| 10&<br>10.1 | ബി.പിഎൽ കാറ്റഗറിയിൽ ഉൾപ്പെടുന്ന വിവിധ പദ്ധതികൾ (അന്ത്യോദയ അന്നയോജന, അന്നപൂർണ്ണ തുടങ്ങിയവ) ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.<br><br>ബി.പി.എൽ കാറ്റഗറിയുടെ ഉപവിഭാഗകമായ എ.എ.വൈ പോലുള്ളവ നിലനിർത്തേണ്ട തില്ല | ബി.പി.എൽ പദ്ധതിയുടെ അവാന്തര വിഭാഗങ്ങളായ എ.എ.വൈ , അന്നപൂർണ്ണ തുടങ്ങിയ പദ്ധതികൾ തുടരേണ്ടതാണ്. |

| | | |
|---|---|---|
| 11. | ഓരോ 5 വർഷം കഴിയുമ്പോഴും നടത്തുന്ന സർവ്വേയുടെ അടിസ്ഥാനത്തിൽ ബി.പി.എൽ കുടുംബങ്ങൾ/വ്യക്തികളുടെ എണ്ണം പുതുക്കി നിശ്ചയിക്കേണ്ടതാണ്. | ഈ പദ്ധതി സംസ്ഥാനത്ത് ഇതിനകം നിലവിലുണ്ട്. |
| 12 | സെൻട്രൽ പൂളിലേക്കുള്ള അരിയുടെയും ഗോതമ്പിന്റെയും വാർഷിക സംഭരണം 410-420 ലക്ഷം ടൺ ആയി നിശ്ചയിക്കേണ്ടതാണ്. | പ്രത്യേകിച്ച് അഭിപ്രായം ഇല്ല. |
| 12.1-12.3 | ഭക്ഷ്യ ധാന്യങ്ങളുടെ സംഭരണ വില താങ്ങുവിലയോട് താരതമ്യം ചെയ്യാതെ, സ്വതന്ത്രമായി നിശ്ചയിക്കേണ്ടതാണ്.<br><br>ഉല്പാദന സംഭരണത്തിലുള്ള കുറവുമൂലം സെൻട്രൽ പൂളിലേക്കായി ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യേണ്ടുന്ന സാഹചര്യം ഉണ്ടാകാം. | താങ്ങുവിലയേക്കാളും അധികം സംഭരണവില നൽകികൊണ്ടാണ് കേരള സർക്കാർ നെല്ലു സംഭരിക്കുന്നത്. ഉയർന്ന കൃഷിചെലവും ഹാൻഡിലിങ്ങ് ചാർജ്ജും മറ്റും കണക്കിലെടുത്ത് ഈ തുക കേന്ദ്രം നൽകേണ്ടതാണ്. ഉല്പാദനക്ഷമതയും, ഉല്പാദനവും വർദ്ധിപ്പിക്കുന്നത് ഭക്ഷ്യ സ്വയം പര്യാപ്തതക്ക് സഹായിക്കും. മണ്ണ് സംരക്ഷണം, നിലമൊരുക്കൽ ജലവിഭവ മാനേജ്മെന്റ്, കാർഷിക വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കൽ എന്നിവ വഴി ഇത് കൈവരിക്കാവുന്നതാണ്. |
| 13 | ഭക്ഷ്യധാന്യങ്ങളുടെ സംഭരണ വില സ്വതന്ത്രമായി നിശ്ചയിക്കേണ്ടതാണ്. | മുൻ ഖണ്ഡികയിലെ അതേ അഭിപ്രായം |
| 14 | പുതിയ ഭക്ഷ്യ സുരക്ഷാ നിയമം അനുസരിച്ച് അർഹരായ ബി.പി.എൽ കുടുംബങ്ങൾക്കും വ്യക്തികൾക്കും ഭക്ഷ്യധാന്യം ലഭ്യമാക്കുക എന്നത് സംസ്ഥാന സർക്കാരുകളുടെ ചുമതലയാണ്. എന്നാൽ സംസ്ഥാന സർക്കാരുകൾക്ക് ഇതു നടപ്പിലാക്കാൻ സാധിക്കാതെ വരികയാണെങ്കിൽ ടി കുടുംബങ്ങൾക്ക് ഭക്ഷ്യ സുരക്ഷാ അലവൻസ് അനുവദിക്കേണ്ടതാണ്. | ഇക്കാര്യം നടപ്പിലാക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. അർഹമായ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യലഭ്യത ഉറപ്പുവരുത്തേണ്ടതാണ്. |
| 14.1 | ഭക്ഷ്യധാന്യം അർഹരായ ബി.പി.എൽ കുടുംബങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കാതെ വരുമ്പോൾ, അവർക്ക് നൽകുന്ന ഭക്ഷ്യ സുരക്ഷ അലവൻസ്, ടി വ്യക്തികളുടെ ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടുകളിലൂടെ വേണമെന്നാണ് ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്നത്. | പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. ഭക്ഷ്യ ധാന്യം തന്നെ ലഭ്യമാക്കേണ്ടതാണ്. |

| | | |
|---|---|---|
| 14.2 | ഭക്ഷ്യ സുരക്ഷ അലവൻസ് നൽകുന്നതിനായി ഓരോ സംസ്ഥാന സർക്കാരും ഭക്ഷ്യ സുരക്ഷ അലവൻസ് ഫണ്ട് രൂപീകരിക്കണമെന്നാണ് ഈ നിയമം അനുശാസിക്കുന്നത്. | പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. ഭക്ഷ്യ ധാന്യം തന്നെ ലഭ്യമാക്കേണ്ടതാണ്. |
| 15 | കേന്ദ്ര സർക്കാർ ബി.പി.എൽ കുടുംബങ്ങൾക്ക് നൽകുന്ന ഭക്ഷ്യ ധാന്യം വളരെ ഫലപ്രദമായി വിതരണം ചെയ്യേണ്ടത് അതാത് സംസ്ഥാന സർക്കാരുകളുടെ ചുമതലയാണ്. ഭക്ഷ്യ ധാന്യം കുറഞ്ഞത് 3 മാസത്തേക്കെങ്കിലും സ്റ്റോക്ക് ചെയ്യേണ്ടതും ആയതിന് വില്ലേജ് ഗ്രെയിൻ ബാങ്ക് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്. ഫലപ്രദമായ പൊതു വിതരണ സമ്പ്രദായത്തിനായി ഗ്രാമങ്ങളിൽ പഞ്ചായത്തുകളും നഗരങ്ങളിൽ നഗരസഭകളും ഇതിനെ സാമൂഹ്യബാദ്ധ്യത എന്ന നിലയിൽ വിതരണം നടത്തേണ്ടതും ഓഡിറ്റ് നടത്തേണ്ടതുമാണ്. | പൊതു വിതരണ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിജിലൻസ് കമ്മിറ്റികളും പരിശോധന സമിതികളും ഇക്കാര്യത്തിൽ പ്രത്യേകമായി പ്രതിബദ്ധതയോടെ പ്രവർത്തിക്കേണ്ടതാണ്. |
| 15.1 | പൊതുവിതരണ സമ്പ്രദായത്തിൽ കമ്പ്യൂട്ടറൈസേഷൻ നിയമവിധേയമാക്കേണ്ടതാണ്. | കമ്പ്യൂട്ടറൈസേഷൻ നടപടികൾ പുരോഗതിയിലാണ്. കേന്ദ്ര സർക്കാരിന്റെ സഹായവും ഇക്കാര്യം പൂർത്തിയാക്കാൻ വളരെ അത്യാവശ്യമാണ്. |
| 15.2 | പൊതുജന പരാതി പരിഹാര സെല്ലുകൾ ഫലപ്രദമായി രൂപീകരിച്ച് നടപ്പാക്കുക. | പരാതി പരിഹാര സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. പരാതി പരിഹാരത്തിനായി ടോൾ ഫ്രീ നമ്പരുകൾ ഇപ്പോൾ ലഭ്യമാണ്. |
| 16 | ഭക്ഷ്യ സുരക്ഷാ ട്രിബ്യൂണലുകൾ രൂപീകരിക്കുക. അർഹരായ ബി.പി.എൽ കുടുംബങ്ങൾക്ക് ഭക്ഷ്യ സുരക്ഷ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ താലൂക്ക് തലത്തിലുള്ള ട്രിബ്യൂണലുകളും ജില്ലാ തലത്തിൽ അപ്പലേറ്റ് ട്രിബ്യൂണലുകളും രൂപീകരിക്കേണ്ടതാണ്. ജില്ലാതല ട്രിബ്യൂണലുകളുടെ തീരുമാനം അന്തിമമായിരി ക്കേണ്ടതാണ്. | ഇതു സ്വാഗതാർഹമാണെങ്കിലും താലൂക്ക് തലത്തിൽ പരാതികളും തർക്കങ്ങളും അധികമാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. |

Section Officer

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 304

7.7.2009 ൽ
മറുപടിയ്ക്ക്

## മണ്ണെണ്ണ ക്വാട്ട വർദ്ധനവ്

| ചോദ്യം<br>ശ്രീ. ബി.ബാബുപ്രസാദ് ; | ഉത്തരം<br>ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
|---|---|
| എ) വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളിൽ താമസിക്കുന്ന ഉപഭോക്താക്കൾക്ക് മണ്ണെണ്ണ ക്വാട്ട 5 ലിറ്ററിൽ നിന്ന് 6 ലിറ്ററായി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇത് നടപ്പാക്കിത്തുടങ്ങിയോ ; | എ) യും ബി) യും<br>2009 മേയ്, ജൂൺ എന്നീ മാസങ്ങളിലേയ്ക്ക് താൽക്കാലികമായി മണ്ണെണ്ണ ക്വാട്ട 5 ലിറ്ററിൽ നിന്നും ആറു ലിറ്ററാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. നടപ്പാക്കിയിട്ടുണ്ട്. |
| ബി) എങ്കിൽ എന്നുമുതൽ എന്ന് വ്യക്തമാക്കുമോ; | |
| സി) ഈ തീരുമാനം നടപ്പാക്കുന്നതിലൂടെ എത്ര പേർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നുണ്ട്; | സി) 1299515 കുടുംബങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കും. |
| ഡി) ഈ തീരുമാനം നടപ്പാക്കുമ്പോൾ സർക്കാരിന് എത്ര രൂപ അധികച്ചെലവ് വരുന്നുണ്ട്; | ഡി) സർക്കാരിന് അധികച്ചെലവുണ്ടാകുന്നില്ല. |
| ഇ) ഈ ഗുണഭോക്താക്കളെ എ.പി.എൽ., ബി.പി.എൽ എന്ന് തരം തിരിച്ചിട്ടുണ്ടോ ? | ഇ) APL,BPL എന്ന് തരം തിരിച്ചിട്ടില്ല. "E"കാർഡ് , "NE" കാർഡ് എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : **305**.

7..7..2009-ൽ മറുപടിക്ക്

### ''മിൽക്ക് ഷെഡ്''

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. സി.കെ.പി. പത്മനാഭൻ എം.എൽ.എ.:**<br>**ശ്രീ. എം. ചന്ദ്രൻ എം.എൽ.എ.:**<br>**ശ്രീ. സി.കെ. സദാശിവൻ എം.എൽ.എ.:**<br>**ശ്രീമതി കെ.എസ്. സലീഖ എം.എൽ.എ.:**<br>**ശ്രീ. പി.ടി.എ. റഹീം എം.എൽ.എ.:** | **ശ്രീ. സി. ദിവാകരൻ**<br>**ഭക്ഷ്യ-സിവിൽ സപ്ലൈസ്, മൃഗസംരക്ഷണ വകുപ്പ് മന്ത്രി** |
| (എ) മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത കൈകവരിക്കാനും, കേരളത്തിൽ പാൽ ഉല്പാദനം വർദ്ധിപ്പിക്കാനും ഉദ്ദേശിച്ച് ഉൽപാദന ക്ഷമത കൂടുതലുള്ള സങ്കരയിനം പശുക്കളെ അയൽ സംസ്ഥാനത്ത് നിന്ന് കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതിയാണ് മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി. ഈ പദ്ധതി പ്രകാരം കിടാരി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നുണ്ട്. 10 പശുക്കളിൽ കൂടുതൽ വളർത്തുന്ന ക്ഷീരകർഷകർക്ക് ആവശ്യാധിഷ്ഠിത ധന സഹായം, കർഷകർക്ക് കറവ യന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി എന്നിവ കൂടാതെ കൊല്ലം ജില്ലയിലെ ആയൂർ, തിരുവനന്തപുരത്തെ സ്വീവേജ് ഫാം എന്നിവടങ്ങളിൽ മോഡൽ ഡയറി ഫാമുകളും ആരംഭിക്കുവാൻ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) എത്ര ബ്ലോക്കുകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്; | (ബി) 2008-2009 സാമ്പത്തികവർഷം 65 ബ്ലോക്കുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |

(സി) പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(സി) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം കർഷകർക്ക് രണ്ട് പശു യൂണിറ്റിന് 14,000/- രൂപ, അഞ്ച് പശു യൂണിറ്റിന് 44,000/- രൂപ, പത്ത് പശു യൂണിറ്റിന് 75,000/- രൂപ എന്ന നിരക്കിലും, 20 പശു യൂണിറ്റിന് 1.50 ലക്ഷം രൂപാ നിരക്കിലും, 30 കിടാരികളെ വളർത്തുന്ന യൂണിറ്റിന് 4,50,000/- രൂപയും ധനസഹായം നൽകിവരുന്നു.

(ഡി) മിൽക്ക് ഷെഡ് പദ്ധതിയിൽ ഏതെല്ലാം ഇനം പശുക്കളെയാണ് വിതരണം ചെയ്യുന്നത്;

(ഡി) സങ്കരയിനം പശുക്കളായ 'ഹോൾസ്റ്റീൻ', 'ഫ്രീഷൻ', 'ജേഴ്സി', 'ബ്രൗൺ സ്വിസ്', 'സിന്ദ്ജഴ്സി' എന്നീ ഇനം പശുക്കളെയാണ് മിൽക്ക് ഷെഡ് പദ്ധതിയിൽ വിതരണം ചെയ്യുന്നത്.

(ഇ) പദ്ധതി പ്രകാരം കഴിഞ്ഞ വർഷം എത്ര പശുക്കളെ വിതരണം ചെയ്തു; ഈ വർഷം എത്ര പശുക്കളെ വിതരണം ചെയ്യും എന്ന് അറിയിക്കുമോ?

(ഇ) മിൽക്ക് ഷെഡ് പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം 7000 പശുക്കളെയും 480 കിടാരികളെയും വിതരണം ചെയ്തു. ഈ സാമ്പത്തിക വർഷം 4870 പശുക്കളെയും 750 കിടാരികളെയും വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 306** 07.07.2009-ൽ മറുപടിക്ക്

അച്ചടി വകുപ്പിൽ നിന്നുള്ള പ്രസിദ്ധീകരണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശികുമാർ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>പ്രൊഫസർ.സി.രവീന്ദ്രനാഥ്<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ | ശ്രീ.വി.എസ്സ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) അച്ചടി വകുപ്പിൽ നിന്നുള്ള പ്രസിദ്ധീകരണങ്ങൾ വിൽക്കുന്നതിനുള്ള സംവിധാനം എന്താണ് ; | (എ) ഗവൺമെന്റ് സെൻട്രൽ പ്രസ്സിനോടനുബന്ധിച്ചുള്ള പബ്ലിക്കേഷൻ സ്റ്റോർ വഴിയും ജില്ലാ ഫാറം സ്റ്റോർ വഴിയും അംഗീകൃത ലൈസൻസികൾ വഴിയുമാണ് പ്രസിദ്ധീകരണങ്ങൾ വിൽക്കുന്നത്. |
| (ബി) സർവ്വീസ് ബുക്ക്, പെൻഷൻ ബുക്ക് തുടങ്ങിയവ ആവശ്യാനുസരണം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) സർക്കാർ പ്രസിദ്ധീകരണം ലഭിക്കാത്തതിനാൽ മേൽപ്പറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ ഡ്യൂപ്ലിക്കേറ്റുകൾ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട്. അനധികൃത പ്രസിദ്ധീകരണങ്ങൾ കണ്ടെത്തി അവ വിതരണം ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥൻമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) പൊതുജനങ്ങൾക്ക് അത്യാവശ്യമായ പ്രസിദ്ധീകരണങ്ങൾ ആവശ്യാനുസരണം അച്ചടിക്കുന്നതിനും അംഗീകൃത ഏജൻസികൾക്ക് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഡി) നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *307 07.07.2009 ലെ**

**മറുപടിക്ക്**

# അടിസ്ഥാന സൗകര്യ വികസനരംഗത്തെ കേന്ദ്രം വകയിരുത്തുന്ന തുക

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. സി.പി. മുഹമ്മദ്

**ഉത്തരം**

ശ്രീ. വി.എസ്. അച്യുതാനന്ദൻ
മുഖ്യ മന്ത്രി

| | | |
|---|---|---|
| എ. | അടിസ്ഥാന സൗകര്യ വികസനരംഗത്ത് കേന്ദ്രം വകയിരുത്തുന്ന തുകയിൽ നിന്നും ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഓരോ വർഷവും എത്ര തുക വീതം സംസ്ഥാനത്തിന് നേടാനായി; | *(എ) യും (ബി)യും* കേന്ദ്ര സഹായത്തോടു കൂടി അടിസ്ഥാന വികസന മേഖലയിൽ സംസ്ഥാനം നടപ്പാക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം (AIBP), ത്വരിത ഊർജ്ജ വികസനവും പരിഷ്ക്കരണവും പദ്ധതി (APDRP), ജവഹർലാൽ നെഹ്രു ദേശീയ നഗര പുനരുദ്ധാരണ മിഷൻ (JNNURM), ചെറിയ-ഇടത്തരം നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി (UIDSSMT), സെൻട്രൽ റോഡ് ഫണ്ടിൽ (CRF) നിന്നുള്ള സഹായത്തോടെ നടത്തുന്ന പദ്ധതികൾ മുതലായവയാണ്. ഇതിനു പുറമേ പദ്ധതി നിർവ്വഹണ ഏജൻസികൾ കേന്ദ്ര സഹായത്തോടെ നേരിട്ട് നടപ്പിലാക്കുന്ന പല പദ്ധതികളുമുണ്ട്. അവയിൽ പ്രധാനപ്പെട്ടവ പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി (PMGSY), ഇന്ദിരാ ആവാസ് യോജന (IAY), രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന (RGGVY), ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ളൈ സ്കീം (ARWSS) എന്നിവയാണ്. സംസ്ഥാന സർക്കാർ നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഓരോ വർഷവും കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുകയുടെയും അവയ്ക്കായി സംസ്ഥാനം റിലീസ് ചെയ്ത തുകയുടെയും കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി. | ഇതിൽ ഓരോ വർഷവും എത്ര തുക വീതം ചെലവഴിക്കുവാൻ കഴിഞ്ഞു; | |

| | | |
|---|---|---|
| സി. | ഇതിന്റെ ഫലമായി അടിസ്ഥാന സൗകര്യ വികസന രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാൻ കഴിഞ്ഞു ? | ഈ പദ്ധതികളിലൂടെ ജല സേചനം, വൈദ്യുതി പ്രസരണ-വിതരണ ശൃംഖലയുടെ വിപുലീകരണം, നഗരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം, കുടിവെള്ള വിതരണം, ഖര മാലിന്യ നിർമ്മാർജ്ജന സംസ്കരണ പ്രവർത്തനങ്ങൾ, റോഡ് വികസനം എന്നീ മേഖലകളിൽ സംസ്ഥാനത്തിന് ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*

അനുബന്ധം

| അടിസ്ഥാന സൗകര്യ വികസനത്തിനുള്ള വിവിധ കേന്ദ്ര പദ്ധതികളുടെ വിശദ വിവരം | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നം. | പദ്ധതിയുടെ പേര് | ലഭിച്ച കേന്ദ്ര വിഹിതം (തുക കോടിയിൽ) | | | ചെലവ് (തുക കോടിയിൽ) * | | |
| | | 2006-07 | 2007-08 | 2008-09** | 2006-07 | 2007-08 | 2008-09** |
| 1 | AIBP | 17.03 | 0.55 | | | | 11.13 |
| 2 | APDRP | 49.46 | 51.55 | 5.84 | 38.02 | 24.33 | 38.66 |
| 3 | JNNURM | | 109.86 | 62.01 | 9.49 | 75.06 | 191.94 |
| 4 | UIDSSMT | 110.98 | 66.54 | 87.83 | | 39.04 | 157.16 |
| 5 | CRF | 31.87 | 29.45 | 44.85 | 55.00 | 35.49 | 52.92 |

ശൂന്യമായ കോളങ്ങൾ വരവ്/ചെലവ് ഇല്ല എന്ന് സൂചിപ്പിക്കുന്നു

* കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ചേർന്ന മൊത്ത വിഹിതത്തിൽ നിന്നുള്ള ചെലവ് (APDRP, CRF എന്നിവയ്ക്ക് സംസ്ഥാന വിഹിതം ഇല്ല).

** ലഭ്യമായ താൽക്കാലിക കണക്കുകൾ അനുസരിച്ച്

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. **308** **07-07-2009** ന് മറുപടിക്ക്

## വനമേഖലയിലെ പട്ടികവർഗ്ഗക്കാർക്ക് ഇൻഷ്വറൻസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) വനമേഖലയിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വനം വകുപ്പ് ആവിഷ്കരിച്ച ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) വനത്തിനുള്ളിലും അരികിലും താമസിക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് സംഭവിക്കുന്ന അപകടമരണങ്ങൾക്കും, അംഗവൈകല്യങ്ങൾക്കും, പ്രകൃതി ദുരന്തങ്ങൾ, വന്യജീവികളുടെ ആക്രമണം എന്നിവ മൂലം വീടുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. കൂടാതെ രോഗം മൂലമോ വന്യജീവികളുടെ ആക്രമണം മൂലം പരിക്കേറ്റ് ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വന്നാൽ ആശുപത്രി ചിലവുകൾ, മരുന്ന്, ലബോറട്ടറി ചെലവ്, വണ്ടി വാടക എന്നിവയ്ക്കും പരിരക്ഷയുണ്ട്. |

ബി) അപകടത്തിൽപ്പെട്ടോ വന്യജീവിക ളുടെ ആക്രമണം മൂലമോ മരണപ്പെടുന്ന വരുടെ ആശ്രിതർക്ക് എത്ര രൂപവരെ സഹായം അനുവദിക്കും എന്ന് അറിയി ക്കുമോ;

ബി) അപകടത്തിൽപ്പെട്ടോ, വന്യജീവിക ളുടെ ആക്രമണം മൂലമോ മരണപ്പെടുന്നവ രുടെ ആശ്രിതർക്ക് താഴെ പറയുന്ന രീതിയിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

**അപകടമരണം / അംഗവൈകല്യം**

**എ. പട്ടികജാതി / പട്ടികവർഗ്ഗത്തിൽ പ്പെട്ടവർക്ക്**

1 മുതൽ 10 വയസ്സുവരെ -10,000 രൂപ വരെ
11 മുതൽ 20 വയസ്സുവരെ -25,000 രൂപ വരെ
21മുതൽ 50 വയസ്സുവരെ - 75,000 രൂപ വരെ
50 വയസ്സിനു മുകളിൽ - 50,000 രൂപ വരെ

**ബി. മറ്റുള്ളവർക്ക്**

വനത്തിന് പുറത്ത് താമസിക്കുന്ന പട്ടിക ജാതി / പട്ടികവർഗ്ഗക്കാരല്ലാത്തവർക്ക് കടുവ, പുലി, കാട്ടുപോത്ത്, കരടി, കാട്ടാന, കാട്ടു പന്നി എന്നീ വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന അപകടത്തിന് ഒരാൾക്ക് ഒരു വർഷം പരമാവധി 50,000/- രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഈ വിഭാഗ ത്തിന് ആകെ ഒരു വർഷം 5 ലക്ഷം രൂപ വരെ മാത്രമേ ലഭിക്കുകയുള്ളൂ.

സി) പ്രകൃതി ദുരന്തം മൂലം മരണമടയു ന്നവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമോ;

സി) വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, ഇടിമിന്നൽ എന്നീ പ്രകൃതി ദുരന്തങ്ങൾ മൂലം മരണമടയുന്നവർക്ക് ആനുകൂല്യം ലഭിക്കുന്ന താണ്.

| | |
|---|---|
| ഡി) രോഗംമൂലമോ വന്യമൃഗങ്ങളുടെ ആക്രമണം മൂലമോ പരിക്കേറ്റ് ആശുപത്രിയിൽ ചികിൽസ നടത്തുന്നവർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമോ; | ഡി) രോഗംമൂലമോ വന്യമൃഗങ്ങളുടെ ആക്രമണം മൂലമോ പരിക്കേറ്റ് ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വന്നാൽ ആശുപത്രി ചിലവ്, മരുന്ന്, ലബോറട്ടറി ചെലവ് എന്നിവയ്ക്കായി പരമാവധി 1000 രൂപയും വണ്ടി വാടകയായി 500 രൂപ വരെയും ലഭിക്കും. |
| ഇ) ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര പേരെ ചേർത്തിട്ടുണ്ടെന്നും പ്രീമിയം ഇനത്തിൽ വനം വകുപ്പ് എത്ര രൂപ അടയ്ക്കുന്നുണ്ടെന്നും അറിയിക്കുമോ ? | ഇ) വനത്തിനുള്ളിലും അരികിലും താമസിക്കുന്ന എല്ലാ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും, വനത്തിനു പുറത്ത് താമസിക്കുന്ന മറ്റുള്ളവർക്കും ഈ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ പ്രതിവർഷം 4.75 ലക്ഷം രൂപ വനം വകുപ്പ് ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 309

7.7.2009 ൽ
മറുപടിയ്ക്ക്

**കേരളത്തെ ഐ.ടി. ഹബ്ബായി ഉയർത്തുന്നതിന് നടപടി**

ചോദ്യം
ശ്രീ. കെ. കെ. ഷാജു
ശ്രീ. തോമസ് ചാണ്ടി

ഉത്തരം
ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

എ) കേരളത്തെ ഐ.ടി. ഹബ്ബായി ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

ബി) ഐ.ടി. അധിഷ്ഠിത സംരംഭങ്ങൾ വിപുലമായി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് ഒരു പ്രത്യേക പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എ) ആന്റ് (ബി)

ഐ.ടി.വ്യവസായ രംഗത്തെ വളർച്ചയുടെ നിരക്ക് കണക്കിലെടുത്ത് ഈ രംഗത്തെ തൊഴിലവസരങ്ങളെ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ വേണ്ടി സംസ്ഥാന സർക്കാർ സമഗ്രമായ ഐ.ടി.നയം 2007 ൽ പ്രഖ്യാപിക്കുകയും ഐ.ടി. അധിഷ്ഠിത സംരംഭങ്ങൾ സംസ്ഥാനത്ത് വിപുലമായി നടപ്പാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു വരികയും ചെയ്യുന്നു. ഹബ്ബ് ആന്റ് സ്ഫോക്ക് മാതൃകയിലുള്ള വിവര വിനിമയ സാങ്കേതിക വളർച്ചയാണ് ഐ.ടി. നയം വിഭാവനം ചെയ്യുന്നത്. ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നീ നിലവിലുള്ള പാർക്കുകളുടെ അടിസ്ഥാന സൗകര്യങ്ങൾ സ്ഥലലഭ്യത എന്നിവ വിപുലീകരിക്കു-വാനും മറ്റ് ജില്ലകളിൽ പുതിയ ഐ.ടി പാർക്കുകൾ സ്ഥാപിക്കുവാനുമുള്ള നടപടികൾ ഇതിനകംതന്നെ എടുത്തുകഴിഞ്ഞു. അടിസ്ഥാന സൗകര്യങ്ങൾക്കു പുറമേ അഭ്യസ്ഥവിദ്യരായവർക്ക് കൂടുതൽ പരിശീലനം നൽകുവാനായി **Finishing School/ Training School** കൾ തുടങ്ങിയവ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ ഐ.ടി. സംരംഭങ്ങളെ എല്ലാം തന്നെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായുള്ള പരിശ്രമങ്ങൾ നടന്നുവരുന്നു. കേരള ഐ.ടി. എന്ന 'ലോഗോ' ഇപ്പോൾ തന്നെ നിലവിൽവന്നു കഴിഞ്ഞു. രാജ്യത്തിനകത്തും പുറത്തും കേരള ഐ.ടി.യുടെ സാധ്യതകൾ എടുത്തുകാണിക്കുന്നതിനായി പത്രമാധ്യമങ്ങളും, ടെലിവിഷൻ മാധ്യമങ്ങളും അങ്ങേയറ്റം ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. **www.keralait.org** എന്ന വെബ്ബ്സൈറ്റിലൂടെ കേരള ഐ.ടി.രംഗത്ത് ഇപ്പോൾ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഐ.ടി. രംഗത്ത് പ്രവർത്തിക്കുന്നവർക്കും, മറ്റുള്ളവർക്കും ലഭ്യമാകുന്നതാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള **Gitex Dubai, CeBIT Germany** എന്നീ ഐ.ടി. **Exhibition** നുകളിൽ കേരള ഐ.ടി. യെ പ്രതിനിധീകരിക്കുകയും തൻമൂലം വളരെയധികം അന്വേഷണങ്ങൾ ഐ.ടി. വ്യവസായ സംരംഭകരിൽ നിന്നും ലഭിച്ചുക്കൊണ്ടിരിക്കുന്നു.

തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർ പാർക്ക്

എന്നിവ ഹബ്ബുകളായും, ടെക്നോപാർക്കിന്റെ സ്ഫോക്കായി കൊല്ലത്ത് കുണ്ടറയിലും, ഇൻഫോപാർക്കിന്റെ സ്ഫോക്കുകളായി ചേർത്തല, അമ്പലപ്പുഴ, കൊരട്ടി എന്നീ പാർക്കുകളും, സൈബർ പാർക്കിന്റെ സ്ഫോക്കുകളായി കാസർഗോഡ്, കണ്ണൂർ പാർക്കുകളുമാണ് വികസിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നത്. കൂടാതെ ടെക്നോപാർക്കിന്റെ മൂന്നാം ഘട്ട വികസനവും, ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനവും, ടെക്നോസിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗതിയിലാണ്. സംസ്ഥാനത്ത് ഐ.ടി.മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് KSITIL എന്ന കമ്പനി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ടെക്നോപാർക്ക് കാമ്പസ്സിൽ 96 സെന്റ് സ്ഥലം IIITM -K ക്കു വേണ്ടി നീക്കി വച്ചിട്ടുണ്ട്. AICTE/ സർവകലാശാല അംഗികാരം നേടുന്നതിനുള്ള നടപടികൾ IIITM -K എടുത്തിട്ടുണ്ട്. ഇതുവഴി അംഗീകൃത കോഴ്സുകൾ തുടങ്ങാനും ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിൽ കൂടുതൽ അവസരങ്ങൾ സ്വായത്തമാക്കി കേരളത്തിന് ഒന്നാം നിരയിലെത്തുവാനും സാധിക്കും.

സ്വതന്ത്ര സോഫ്റ്റ്വെയറിനും സ്വതന്ത്ര അറിവിനും വേണ്ടിയുള്ള ഒരു അന്താരാഷ്ട്ര കേന്ദ്രം (International Centre for Free & Open Source Software) ആരംഭിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ആസ്ഥാനമാക്കി PPP മോഡലിൽ ഒരു ICT അക്കാഡമി ആരംഭിക്കാനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| സി | ഈ മേഖലയ്ക്ക് 'സെസ്സ്' മേഖലയിൽ അനുവദിക്കുന്ന വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | സി) | ഈ സാമ്പത്തിക മേഖലകളിൽ സെസ്സ് വ്യവസ്ഥകൾ പ്രകാരം എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. SEZ മേഖലയിലെ പദ്ധതി നിർമ്മാണ സമയത്ത് Customs duty, Excise duty, sales tax, service tax എന്നിവയിൽ നിന്ന് ഒഴിവാക്കപ്പെടും. ഐ.ടി. കമ്പനികൾക്ക് വേണ്ടി വരുന്ന Capital Goods ഇന്ത്യയിൽ നിന്നോ പുറത്തുനിന്നോ വാങ്ങുമ്പോൾ വിവിധ നികുതിയിനങ്ങളിൽ നിന്നും ഒഴിവാക്കപ്പെടും. SEZ പദവി ലഭിക്കുന്ന ഭൂമിയുടെ 70% വ്യവസായ ആവശ്യത്തിനും 30% അനുബന്ധ കാര്യങ്ങൾക്കും ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. SEZ നയം സംബന്ധിച്ച് കേരള സർക്കാരിന്റെ 6.10.2008-ലെ സർക്കാർ ഉത്തരവ് (സാധ) നമ്പർ 1154/08/ വ്യവയിൽ പറഞ്ഞിരിക്കുന്ന ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

* നക്ഷത്രചിഹ്നമിട്ട ചോദ്യം നം.310 07.07.2009- ൽ മറുപടിയ്ക്ക്

## തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറിയ മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ

ചോദ്യം

ശ്രീ. സി.കെ. സദാശിവൻ:
ശ്രീമതി. ജെ. അരുന്ധതി:
ശ്രീ. കെ.സി. രാജഗോപാലൻ:
ശ്രീ. വി.എൻ. വാസവൻ:
ശ്രീ.വി ചെന്താമരാക്ഷൻ:

(എ) പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നശേഷം മൃഗസംരക്ഷണ വകുപ്പിലെ ഏതെല്ലാം പദ്ധതികളും സ്ഥാപനങ്ങളുമാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയത്;

ഉത്തരം

ശ്രീ.സി. ദിവാകരൻ
(ബഹു.ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി).

(എ) താഴെപ്പറയുന്ന പദ്ധതികളാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളത്.

**എ.** കന്നുകാലി പ്രജനനവും കന്നുകാലികളുടെ പൊതു സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തൽ.

**ബി.** ക്ഷീരവികസനം പ്രോത്സാഹിപ്പിക്കൽ.

**സി.** കോഴിവളർത്തൽ, പന്നി വളർത്തൽ എന്നിവ അഭിവൃദ്ധിപ്പെടുത്തൽ.

**ഡി.** പുൽമേടുകളുടെ വികസനം.

**ഇ.** കന്നുകാലി പ്രദർശനങ്ങളും കോഴി പ്രദർശനങ്ങളും നടത്തുക.

**എഫ്.** മൃഗങ്ങളോടുള്ള ക്രൂരത തടയുക.

**ജി.** കൃത്രിമ ഗർഭോല്പാദന സൗകര്യങ്ങൾ ഏർപ്പാടാക്കുക.

**എച്ച്.** മൃഗങ്ങളുടെ പൊതുവായ ആരോഗ്യ സംരക്ഷണം.

**ഐ.** മൃഗ ചികിത്സ ഉൾപ്പെടെ മൃഗസംരക്ഷണം.

**ജെ.** മൃഗങ്ങളുടെ രോഗങ്ങൾ തടയുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും ബന്ധപ്പെട്ട അധികാരികളെ സഹായിക്കൽ.

**കെ.** കന്നുകാലി പൗണ്ടുകൾ സ്ഥാപിക്കുക.

**എൽ.** സർക്കാർ വിട്ടുകൊടുത്ത വെറ്ററിനറി ഡിസ്പെൻസറികളുടെയും മൃഗാശുപത്രികളുടെയും വെറ്ററിനറി പോളിക്ളിനിക്കുകളുടെയും ലബോറട്ടറികളുടെയും നടത്തിപ്പ്.

**എം.** കന്നുകാലി തീറ്റ യൂണിറ്റുകൾ സ്ഥാപിക്കുക.

**എൻ.** ക്ഷീര സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.

ഒ. ബ്രീഡിംഗ് ഫാമുകൾ നടത്തുകയും മെച്ചപ്പെട്ട ഇനത്തിലുള്ള മൃഗങ്ങളെയും കോഴികളെയും വിതരണം ചെയ്യുക.

പി. ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകളുടെ നടത്തിപ്പ്.

## വകുപ്പിൻെറ സ്ഥാപനങ്ങൾ കൈമാറിയ വിവരങ്ങൾ

## എ. ജില്ലാ പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങൾ.

1. ജില്ലാ വെറ്ററിനറി സെന്റർ.
2. റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്റർ
3. സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം.
4. മൊബൈൽ ഫാം എയ്ഡ് യൂണിറ്റുകൾ.
5. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം ഒഴികെയുള്ള വകുപ്പിലെ ഇതര കന്നുകാലി ഫാമുകൾ.
6. കുടപ്പനക്കുന്ന്, കുരീപ്പുഴ, സെൻട്രൽ ഹാച്ചറി, മുണ്ടയാട്, മലമ്പുഴ എന്നിവിടങ്ങളിലെ കോഴിവളർത്തൽ കേന്ദ്രങ്ങൾ ഒഴികെയുള്ള കോഴിവളർത്തൽ കേന്ദ്രങ്ങൾ
(കോലാനി, കൂവപ്പടി, ആതവനാട്, ചാത്തമംഗലം, മണർക്കാട്)
7. കൊമേരി, അട്ടപ്പാടി എന്നിവിടങ്ങളിലെ ആടു വളർത്തൽ കേന്ദ്രങ്ങൾ.
8. പാറശ്ശാല, കോലാനി, അങ്കമാലി, കുന്നംകുളം എന്നിവിടങ്ങളിലെ പന്നി വളർത്തൽ കേന്ദ്രങ്ങൾ.

## ബി.മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ

മുനിസിപ്പൽ /കോർപ്പറേഷൻ അതിർത്തിയിലുള്ള സ്ഥാപനങ്ങൾ

1. വെറ്ററിനറി പോളി ക്ലിനിക്.
2. വെറ്ററിനറി ഹോസ്പിറ്റൽ.
3. വെറ്ററിനറി ഡിസ്പെൻസറി.
4. ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ.

## സി. ബ്ളോക്ക് പഞ്ചായത്ത്

ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള വെറ്ററിനറി പോളി ക്ലിനിക്കുകളുടെ അധികാരവും ബ്ളോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

(ബി) ഇവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് മൃഗസംരക്ഷണ വകുപ്പ് വിലയിരുത്താറുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പഞ്ചായത്ത് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും ഫണ്ടിന്റെ വിശദ വിവരവും അതാത് ജില്ലാ ആഫീസർമാർ വിളിച്ചുകൂട്ടുന്ന പ്രതിമാസ മീറ്റിംഗിൽ അവലോകനം ചെയ്യുകയും അത് മൃഗസംരക്ഷണ വകുപ്പ് അവലോകനം ചെയ്യാറുമുണ്ട്.

(സി) ഈ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഡോക്ടർമാരേയും മറ്റ് സ്റ്റാഫിനേയും മൃഗസംരക്ഷണ വകുപ്പ് നൽകുന്നുണ്ടോ;

(സി) ഉണ്ട്.

(ഡി) ഡോക്ടർമാരുടെ തുടർ പരിശീലനത്തിന് മൃഗസംരക്ഷണ വകുപ്പ് നടപടി സ്വീകരിക്കുമോ?

(ഡി) മൃഗസംരക്ഷണ വകുപ്പിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്നുണ്ട്. കൂടാതെ മണ്ണുത്തി കാർഷിക സർവ്വകലാശാല, സംസ്ഥാനത്തിന് പുറത്തുള്ള സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും പരിശീലനത്തിന് അയച്ചുവരുന്നുണ്ട്.

Omanakumari

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 311

07.07.2009-ൽ മറുപടിയ്ക്ക്

ഓണക്കാലത്തെ വിലക്കയറ്റം തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ,<br>" എം.ജെ.ജേക്കബ്,<br>" ടി.പി. കുഞ്ഞുണ്ണി,<br>ശ്രീമതി. കെ.കെ.ലതിക,<br>ശ്രീ. മഞ്ഞളാംകുഴി അലി, | ശ്രീ. സി. ദിവാകരൻ,<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ).ഓണക്കാലത്ത് ഉണ്ടാകാൻ സാദ്ധ്യതയുള്ള വിലക്കയറ്റം മുന്നിൽ കണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) ഉത്സവ സീസണിലുണ്ടായേക്കാവുന്ന വില വർദ്ധന കണക്കിലെടുത്ത് മാർക്കറ്റ് ഇടപെടൽ ശക്തിപ്പെടുത്താനും, പച്ചക്കറിയുൾപ്പെടെയുള്ള അവശ്യസാധനങ്ങൾ മിതമായ വിലയ്ക്ക് ജനങ്ങളിലെത്തിക്കുവാനുള്ള ശക്തമായ സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. ഇതനുസരിച്ച് എല്ലാ സിറ്റിയിലും കോർപ്പറേഷനുകളിലും ഓണം മെട്രോ പീപ്പിൾസ് ബസാറുകളും, ജില്ലാ ആസ്ഥാനങ്ങളിൽ ഓണം ടൗൺ പീപ്പിൾസ് ബസാറുകളും, മറ്റു സ്ഥലങ്ങളിൽ ഓണം മാർക്കറ്റുകളുമാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ഒരു അസംബ്ളി നിയോജക മണ്ഡലത്തിൽ ഒരു ഓണം ഫെയർ ഉണ്ടാവണമെന്ന തരത്തിലാണ് ഓണം ഫെയറുകൾ നടത്തുന്നത്. ഈ ഓണം ഫെയറുകൾക്ക് പുറമേ സപ്ലൈകോയുടെ എല്ലാ വില്പന ശാലകളും ഓണം മിനി ഫെയറുകളായി പ്രവർത്തിക്കുന്നു. ഈ വർഷത്തെ വില്പന കൂടുതൽ ആകർഷകമാക്കാനായി 750/- രൂപയ്ക്ക് മേൽ സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താവിന് 250 ഗ്രാം ശബരി തേയിലയോ അര കിലോഗ്രാം ശബരി വെളിച്ചെണ്ണയോ സമ്മാനമായി നൽകുന്നതാണ്. ഇതിനുപുറമേ അവശ്യസാധനങ്ങളടങ്ങിയ ഓണം കിറ്റും പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ ലഭിക്കും. പൊതുവിപണിയേക്കാൾ 40% കുറഞ്ഞ നിരക്കിൽ അവശ്യസാധനങ്ങളും, എം.ആർ.പിയേക്കാൾ കുറഞ്ഞ നിരക്കിൽ FMCG സാധനങ്ങളും, മാർക്കറ്റ് വിലയേക്കാൾ |

കുറഞ്ഞ നിരക്കിൽ പച്ചക്കറികളും ഉപഭോക്താക്കൾക്ക് ഈ ഓണം ഫെയറുകളിൽ നിന്നും ഓണക്കാലത്ത് ലഭിക്കുന്നതാണ്.

| | |
|---|---|
| (ബി). ഓണം പ്രമാണിച്ച് സംസ്ഥാനത്തിനുള്ള റേഷൻ വിഹിതം വർദ്ധിപ്പിച്ചു നൽകുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെടുമോ; | (ബി). ഓണം പ്രമാണിച്ച് സംസ്ഥാനത്തെ റേഷൻ വിഹിതം വർദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി). റേഷൻ കടകളിലൂടെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പഞ്ചസാര വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (സി). റേഷൻ പഞ്ചസാര ബി.പി.എൽ കാർഡുകാർക്കു മാത്രമായി നിജപ്പെടുത്തിയത് കേന്ദ്ര സർക്കാരാണ്. ആയതിനാൽ എല്ലാ വിഭാഗക്കാർക്കും റേഷൻകടകളിലൂടെ പഞ്ചസാര വിതരണം ചെയ്യുന്നത് പ്രായോഗികമല്ല. ഓണം പ്രമാണിച്ച് ബി.പി.എൽ, എ.പി.എൽ ഉൾപ്പെടെ എല്ലാവർക്കും ഒരു കിലോ വീതം പഞ്ചസാര അധികമായി അനുവദിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി). സംസ്ഥാനത്തിന് മെച്ചപ്പെട്ട അരിയും ഗോതമ്പും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | ഡി). സംസ്ഥാനത്ത് ഗുണനിലവാരമുള്ള അരിയും ഗോതമ്പും മാത്രം എഫ് സി ഐ യിൽ നിന്നും വിട്ടെടുത്തു വിതരണം നടത്തിയാൽ മതിയെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 312

07.07.09-ൽ
മറുപടിക്ക്

### ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>" ബാബു.എം.പാലിശ്ശേരി<br>" കെ.കെ. ദിവാകരൻ<br>" കെ.ടി ജലീൽ<br>" എ.സി.മൊയ്തീൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (എ) ഭക്ഷ്യ വസ്തുക്കളിലും മറ്റും മായം ചേർക്കുന്നതു തടയുന്നതിനുവേണ്ടി ആരോഗ്യ വകുപ്പിന്റെ കീഴിൽ മായം ചേർക്കൽ നിരോധന വിഭാഗം പ്രവർത്തിച്ചുവരുന്നു. ഈ വിഭാഗത്തിന്റെ കീഴിൽ എല്ലാ ജില്ലകളിലും ജില്ലാ ഫുഡ് ഇൻസ്പെക്ടർമാരുടെ മേൽനോട്ടത്തിൽ താലൂക്ക് തലത്തിലും മുനിസിപ്പൽ കോർപ്പറേഷൻ തലത്തിലും ഫുഡ് ഇൻസ്പെക്ടർമാർ ഭക്ഷ്യോൽപാദന വിതരണ കേന്ദ്രങ്ങൾ പരിശോധിച്ച് സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ലബോറട്ടറികളിൽ പരിശോധനക്കായി അയയ്ക്കുന്നു. മായം ചേർത്തതോ ഗുണനിലവാരമില്ലാത്തതോ ആയ ഭക്ഷണ വസ്തുക്കൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഉല്പാദക വിതരണക്കാർക്കെതിരെ ഭക്ഷ്യ മായം ചേർക്കൽ നിരോധന നിയമപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളായി തിരിച്ച് ചീഫ് ഫുഡ് ഇൻസ്പെക്ടർമാരുടെ മൊബൈൽ വിജിലൻസ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു.<br>മായം ചേർത്തതായി സപ്ളൈകോയിലെ ഗുണനിലവാര പരിശോധനാ സമിതിക്ക് |

സംശയം തോന്നുന്ന സാമ്പിളുകളും പരാതി ലഭിക്കുന്നവയുടെ സാമ്പിളുകളും ശാസ്ത്രീയമായ പരിശോധനയ്ക്കായി അതാത് റീജിയണൽ അനലറ്റിക്കൽ ലാബുകളിൽ നൽകി പരിശോധിക്കാറുണ്ട്.

(ബി) സാമ്പിളുകൾ പരിശോധനയ്ക്കെടുത്താൽ എത്ര നാളിനകം റിപ്പോർട്ട് ലഭിക്കും എന്ന് വെളിപ്പെടുത്തുമോ;

(ബി) ആരോഗ്യ വകുപ്പിന്റെ കീഴിൽ സാമ്പിളുകൾ പരിശോധനക്ക് ലഭിച്ച് 40 ദിവസത്തിനകം റിപ്പോർട്ട് നൽകുന്നുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ റിസൽറ്റ് ലഭിക്കുന്നതിന് ഏകദേശം ഒരു മാസത്തെ സമയം എടുക്കുന്നുണ്ട്.

(സി) മാംസത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം തൃപ്തികരമാണോ;

(ഡി) ടിന്നുകളിലടച്ച ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ പരിശോധിക്കാറുണ്ടോ;

<u>(സി)യും (ഡി)യും</u>

പൊതു വിപണിയിലൂടെ വിറ്റഴിക്കുന്ന ഭക്ഷ്യ വസ്തുക്കൾ, മാംസം, ടിന്നിലടച്ച ഭക്ഷ്യ വസ്തുക്കൾ മുതലായവയുടെ സാമ്പിളുകൾ എടുത്ത് മായം കലർന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതും അവയുടെ ഗുണ നിലവാരം പരിശോധിക്കുന്നതും ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള റീജിയണൽ അനലറ്റിക്കൽ ലാബും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുമാണ്. മാംസത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഇപ്പോൾ അനലിസ്റ്റ് ലാബുകളിൽ മൈക്രോ ബയോളജി വിഭാഗം പ്രവർത്തിക്കുന്നില്ല. ഇത് സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു.

ടിന്നുകളിലടച്ച ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ പരിശോധിക്കാറുണ്ട്.

| | | | |
|---|---|---|---|
| (ഇ) | ഭക്ഷ്യമായം കണ്ടുപിടിക്കുന്നതിന് കോന്നിയിൽ ആരംഭിക്കുന്ന മൈക്രോബയോളജി ലാബിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ; ഇതിനകം എത്ര സാമ്പിളുകൾ ഇവിടെ പരിശോധിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (ഇ) | ഭക്ഷ്യ വസ്തുക്കളുടെ മൈക്രോ ബയോളജിക്കൽ പരിശോധന ഉപയോഗിച്ച് ഗുണനിലവാരം നിർണ്ണയിക്കാൻ ആവശ്യമായ എല്ലാ ടെസ്റ്റുകളും നടത്തുന്നതിനുള്ള അത്യാധുനിക സംവിധാനവും, പാലിന്റെ ഗുണമേന്മ പരിശോധിക്കുവാനുള്ള സംവിധാനവും ഈ ലാബോറട്ടറിയിൽ ലഭ്യമാണ്. ഭക്ഷ്യ വസ്തുക്കൾ ഉല്പാദിപ്പിക്കുമ്പോൾ, അതിൽ ഉണ്ടാകുവാനിടയുള്ള അണുക്കളുടേയും രോഗകാരികളായ അണുക്കളുടേയും പരിശോധന അതിനൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിശോധിക്കുവാനും അതുവഴി ഭക്ഷ്യ വസ്തുക്കൾ ഉപയോഗയോഗ്യമാണോ എന്ന് കണ്ടെത്തുവാനുള്ള സംവിധാനം ലഭ്യമാണ്. ഈ രീതിയിൽ വിവിധ തരം ഭക്ഷ്യവസ്തുക്കളുടെ 90 സാമ്പിളുകൾ പരീക്ഷണാടിസ്ഥാനത്തിൽ (ട്രയൽ റൺ) ഇതിനകം ഇവിടെ പരിശോധിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. **313** **07-07-2009** ന് മറുപടിക്ക്

## പരിസ്ഥിതി സംഗമങ്ങൾ

====================

**ചോദ്യം**

ശ്രീ. കെ. രാജു
ശ്രീ. എൻ. അനിരുദ്ധൻ
ശ്രീ. എ.കെ. ചന്ദ്രൻ
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ. പള്ളിപ്രം ബാലൻ

**ഉത്തരം**

ശ്രീ. ബിനോയ് വിശ്വം

(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

എ) സംസ്ഥാന വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി സംഗമങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ; ഈ സംഗമങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

എ) വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രകൃതി സ്നേഹികളെയും സന്നദ്ധ സംഘടനകളെയും പങ്കെടുപ്പിച്ചുകൊണ്ട് 2009 ഏപ്രിൽ 19 ന് എറണാകുളത്തും ഏപ്രിൽ 26 ന് കോഴിക്കോട്ടും മേയ് 14 ന് തിരുവനന്തപുരത്തുവച്ചും പരിസ്ഥിതി സംരക്ഷണ കൂട്ടായ്മകൾ സംഘടിപ്പിച്ചിട്ടുണ്ട്.

വനസംരക്ഷണ - വനവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക, ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുക, ഈ പ്രവർത്തനങ്ങൾക്ക് ബഹുജനങ്ങളുടെയും, പരിസ്ഥിതി പ്രവർത്തകരുടേയും പങ്കാളിത്തം ഉറപ്പ് വരുത്തി അവരുടെ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും സ്വീകരിക്കുക എന്നിവയായിരുന്നു ഈ സംഗമത്തിന്റെ പ്രധാന ഉദ്ദേശം.

ബി) ഈ സംഗമങ്ങൾ വനം വകുപ്പിന്റെ പ്രവർത്തനങ്ങളെ എത്രമാത്രം സഹായിക്കുമെന്നാണ് കരുതുന്നത്;

ബി) പരിസ്ഥിതി സംഗമങ്ങൾ നടത്തുക വഴി വനസംരക്ഷണ വനവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും കഴിയുന്നു. കൂടാതെ പൊതുജനങ്ങളിൽ നിന്നും പരിസ്ഥിതി സ്നേഹികളിൽ നിന്നും കൂടുതൽ സഹകരണവും നിർദ്ദേശങ്ങളും നേടി വനം വകുപ്പിന്റെ ഭാവി പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുവാൻ സാധിക്കുന്നു. വനങ്ങളെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ വനം വകുപ്പിന് ലഭിക്കുന്നതോടൊപ്പം പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും സാധിക്കുന്നു.

........

സി) ആഗോളതാപനവും കേരളവും എന്ന വിഷയത്തിന്മേൽ തിരുവനന്തപുരത്ത് നടന്ന ദേശീയ ശിൽപ്പശാലയിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും ഇവയിൽ സർക്കാരിന്റെ സജീവ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ?

സി) ആഗോളതാപനവും കേരളവും എന്ന വിഷയത്തിന്മേൽ തിരുവനന്തപുരത്ത് നടന്ന ദേശീയ ശിൽപ്പശാലയുടെ മുദ്രാവാക്യം " ആഗോളതാപനം മരമാണ് മറുപടി " എന്നായിരുന്നു. ദേശീയ ശിൽപ്പശാലയിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.

1. വിവിധ സർക്കാർ വകുപ്പുകളുടെ നയരേഖകളിൽ ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും ഒരു പ്രധാന വിഷയമായി വരേണ്ടതുണ്ട്. ഇതിന്റെ തുടർച്ചയായി മതിയായ ഫണ്ട് ലഭ്യമാക്കിക്കൊണ്ട് ഒരു കർമ്മ പരിപാടിയും നടപ്പാക്കേണ്ടതുണ്ട്.

2. കാലാവസ്ഥ വ്യതിയാനത്തെ നേരിടുന്നതിനാവശ്യമായ പൊരുത്തപ്പെടൽ നിയന്ത്രണ സമീപനങ്ങൾ ഏകോപിപ്പിക്കേണ്ടതും സംസ്ഥാനത്തിനാവശ്യമായ കർമ്മ പദ്ധതി ആവിഷ്കരിക്കേണ്ടതുമാണ്.

3. ജൈവ വ്യവസ്ഥയുടെ പരിപാലനം ഉറപ്പാക്കി, ജൈവ വൈവിധ്യവും വർദ്ധിച്ച ജൈവ വ്യവസ്ഥാ സേവനങ്ങളും പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം വനവൽക്കരണവും പുനർവനവൽക്കരണവും നടത്തി സംസ്ഥാനത്തിന്റെ വൃക്ഷാവരണം വർദ്ധിപ്പിക്കേണ്ടതുണ്ട്.

4. മുളയുടെ കാർബൺ സ്വാംശീകരണശേഷി അംഗീകരിക്കുകയും മുള ഉൽപ്പന്നങ്ങളുടെ അതിജീവനശേഷി വർദ്ധിപ്പിക്കാനുള്ള സംസ്കരണ തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

5. റോഡ്, റെയിൽവേ, ആഭ്യന്തര ജലഗതാഗത മാർഗ്ഗങ്ങൾ എന്നിവ പരിപോഷിപ്പിച്ച് ഹരിത ഗൃഹവാതകങ്ങളുടെ നിർഗ്ഗമനം പരമാവധി കുറയ്ക്കേണ്ടതാണ്.

6. സൗരോർജ്ജം. കാറ്റ്, ചെറുകിട ജലവൈദ്യുത പദ്ധതികൾ എന്നിങ്ങനെയുള്ള പുനരുൽപ്പാദിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നയസമീപനങ്ങൾ സ്വീകരിക്കേണ്ടതുണ്ട്.

7. പരിസ്ഥിതി സൗഹൃദ ഗൃഹങ്ങളുടെ (Green Buildings) നിർമ്മാണം പ്രോൽസാഹിപ്പിക്കുന്നതിന് നികുതി ഇളവുകൾ നൽകുകയും ഊർജ്ജസംരക്ഷണ കെട്ടിട നിയമസംഹിത നടപ്പാക്കുകയും വേണം.

..............3

8. ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എല്ലാ മേഖലയിലും നടപടികൾ സ്വീകരിക്കേണ്ടതും ഊർജ്ജ കണക്കെടുപ്പ് നിർബന്ധമാക്കുകയും വേണം.

9. ശാസ്ത്ര ഗവേഷണങ്ങൾ വഴി കാലാവസ്ഥ വ്യതിയാനത്തിന്റെ സ്വാധീനങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ രൂപീകരിക്കുന്നതിനും മുന്തിയ പരിഗണന നൽകേണ്ടതാണ്.

10. കുറഞ്ഞ കാർബൺ സാങ്കേതിക വിദ്യാസമ്പ്രദായങ്ങളെ എല്ലാ മേഖലയിലും പ്രോൽസാഹിപ്പിക്കുകയും അതിനായി അനുയോജ്യമായ പ്രോൽസാഹനം നൽകേണ്ടതുമാണ്.

മേൽപ്പറഞ്ഞ എല്ലാ നിർദ്ദേശങ്ങളും 28-1-2009 ൽ ഒരു ഉന്നതതലയോഗം അവലോകനം ചെയ്യുകയുണ്ടായി. ഇവ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 314

07.07.2009- ൽ മറുപടിയ്ക്ക്

### ബുക്ക്സ് ആൻറ് പബ്ളിക്കേഷൻ സൊസൈറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. പി.ടി.എ. റഹിം<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. വി. ജെ. തങ്കപ്പൻ. | ശ്രീ. വി എസ്. അച്യുതാനന്ദൻ<br>(ബഹു. മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള ബുക്ക്സ് ആൻറ് പബ്ളിക്കേഷൻ സൊസൈറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | സൊസൈറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 2003 മുതൽ മൂന്ന് ഷിഫ്റ്റ് ഏർപ്പെടുത്തി. 2004 മുതൽ 24 മണിക്കൂറും മെഷിനുകൾ പ്രവർത്തിപ്പിക്കുവാൻ തുടങ്ങി. അച്ചടി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 2008-ൽ 4 കളർ ഷീറ്റ് ഹെഡ് മെഷീൻ (എച്ച്. എം. ടി) വാങ്ങിക്കുകയും, മെഷിനുകളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ നിയോഗിക്കുകയും ചെയ്തു. |
| (ബി) | സ്കൂൾ കുട്ടികൾക്ക് ആവശ്യമായ എല്ലാ പാഠപുസ്തകങ്ങളും നിശ്ചിത സമയത്ത് അച്ചടിച്ചു നൽകാൻ സൊസൈറ്റി ക്ക് കഴിഞ്ഞിട്ടുണ്ടോ; | (ബി) | കഴിഞ്ഞ വർഷങ്ങളിൽ എല്ലാ പാഠപുസ്തകങ്ങളും നിശ്ചിത സമയത്ത് അച്ചടിച്ചു നൽകാൻ സൊസൈറ്റി ക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ വർഷം 492 ലക്ഷം പുസ്തകങ്ങളുടെ ഓർഡറിൽ 2,4,6,8 ക്ളാസുകളിലെ പുസ്തകങ്ങളിൽ പൂർണ്ണമായ മാറ്റവും 1,3,5,7 ക്ളാസുകളിലെ പുസ്തകങ്ങൾക്ക് ഭാഗികമായ മാറ്റവും വരുത്തിയതിനാൽ, ജൂൺമാസം അവസാനം മാത്രമേ മൂന്നു കോടിയോളം ഒന്നാം ഭാഗം പാഠപുസ്തകങ്ങളുടെ അച്ചടി ജോലി തീർക്കാൻ സാധിച്ചുള്ളൂ. രണ്ടാം ഭാഗം പാഠപുസ്തകങ്ങളുടെ അച്ചടി പുരോഗതിയിലാണ്. |

| | | | |
|---|---|---|---|
| സി) | മറ്റ് ഏതെല്ലാം അച്ചടി ജോലികളാണ് സൊസൈറ്റി ഏറ്റെടുത്തിട്ടുള്ളത്; | സി) | കേരള സർക്കാരിന്റെ ലോട്ടറി ടിക്കറ്റുകൾ സമയബന്ധിതമായി ചെയ്തു കൊണ്ടിരിക്കുകയാണ്. കൂടാതെ കോമേഴ്സ്യൽ ടാക്സ് , ഫാം ഇൻഫർമേഷൻ ബ്യൂറോ, കുടുംബശ്രീ, കെ. എസ്. ആർ. ടി. സി, നാഷണൽ സേവിംഗ്സ്, റവന്യൂ, ഡി. ആർ. ഡി.എ, മഹാത്മഗാന്ധി യൂണിവേഴ്സിറ്റി, കൊച്ചിൻ യൂണിവേഴ്സിറ്റി, കില, കാംകോ മുതലായ വിവിധ സർക്കാർ സ്ഥാപനങ്ങളുടെ അച്ചടി ജോലികളും ഏറ്റെടുത്ത് ചെയ്തുവരുന്നു. |
| ഡി) | ഇവ ഭംഗിയായി നിർവ്വഹിക്കുന്നതിന് സൊസൈറ്റിക്ക് കഴിയുന്നുണ്ടോ; | ഡി) | ഉണ്ട്. |
| ഇ) | പ്രസ്സിന്റെ നവീകരണത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | ഇ) | പ്രസ്സിന്റെ നവീകരണത്തിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി 4 കളർ വെബ്മെഷീൻ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സി.ടി.പി, വൺവേ കട്ടിംഗ് മെഷീൻ എന്നിവ വാങ്ങുന്നതിനും നടപടികൾ സ്വികരിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 315 7-7-2009 ന് മറുപടിക്ക്

വനം കയ്യേറ്റവും വനം കൊള്ളയുമായി ബന്ധപ്പെട്ട കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ:<br>'' എസ്. രാജേന്ദ്രൻ:<br>'' രാജു എബ്രഹാം:<br>'' അൽഫോൺസ് കണ്ണന്താനം:<br>'' ജോർജ് എം. തോമസ്: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വനം കയ്യേറ്റവും വനം കൊള്ളയുമായി ബന്ധപ്പെട്ട കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. വനം കുറ്റകൃത്യങ്ങൾ ഉണ്ടായാലുടൻ കൃത്യത്തിന് ഉത്തരവാദിയായ പ്രതിയേയും തൊണ്ടിമുതലും യഥാസമയം അന്വേഷിച്ച് കണ്ടെത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വനം കയ്യേറ്റവും വനംകൊള്ളയുമായി ബന്ധപ്പെട്ട കേസുകൾ കോടതികളിൽ ചാർജ്ജ് ചെയ്യുകയും വിചാരണ സമയത്ത് കേസുമായി ബന്ധമുള്ള ഉദ്യോഗസ്ഥർ നേരിട്ട് ഹാജരായി തെളിവ് നൽകുകയും കേസ് കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ സഹായം അതാത് ഗവൺമെന്റ് പ്ലീഡർമാർക്കും അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർക്കും നൽകി വരുന്നുണ്ട്. |

| | |
|---|---|
| (ബി) വനം വകുപ്പ് വാദിയായ എത്ര കേസുകൾ കോടതികളിൽ നിലവിലുണ്ട് എന്നറിയിക്കുമോ; | ബി) 30 -6-2009 വരെ വനംവകുപ്പ് വാദിയായി **6508** കേസുകൾ വിവിധ കോടതികളിലായി നിലവിലുണ്ട്. |
| (സി) വനം വകുപ്പിന് എതിരായ വിധികൾ പരിശോധിച്ച് അപ്പീൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) വനംവകുപ്പിന് എതിരായി വിധി വരുന്ന കേസുകളിൽ അഡ്വക്കേറ്റ് ജനറലിന്റേയോ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുടേയോ ജില്ലാ പബ്ലിക് പ്രോസിക്യൂട്ടറുടേയോ നിയമോപദേശം തേടിയ ശേഷം അപ്പീലിന് സാദ്ധ്യതയുള്ള കേസുകളിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) വനം കൊള്ളയ്ക്കു കൂട്ടുനിൽക്കുന്ന വനം വകുപ്പുദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ? | (ഡി) വനംകൊള്ളയ്ക്ക് കൂട്ടുനിൽക്കുന്ന വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായി അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 316 7/7/2009-ൽ മറുപടിക്ക്

**കന്നുകാലി വികസന ബോർഡ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീമതി കെ.കെ.ശൈലജ-ടീച്ചർ<br>ശ്രീ.എ.എം.യൂസഫ് | | ശ്രീ.സി.ദിവാകരൻ(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) | കന്നുകാലി വികസന ബോർഡ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; | എ) | ക്ഷീരധാര,ഗോസമൃദ്ധി,ഗോസുരക്ഷ, ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്നുള്ള ഹൃദയവാൽവ് പദ്ധതി. കുളത്തൂപ്പുഴ ഹൈടെക് ഫാം പദ്ധതി, മലബാറി ആടുകളുടെ കൺസർവേഷൻ,അട്ടപ്പാടി ബ്ലാക്ക് ആടുകളുടെ കൺസർവേഷൻ, അങ്കമാലി പന്നികളുടെ കൺസർവേഷൻ എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്. |
| ബി) | ഉൽപ്പാദന ശേഷി കൂടിയ സങ്കരയിനം കന്നുകാലികളെ ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയ്ക്ക് ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കുമോ; | ബി) | അത്യുൽപ്പാദന ശേഷിയുള്ള പശുക്കളുടെ ഒരു തലമുറ തന്നെ സൃഷ്ടിക്കുന്നതിന്, തെരഞ്ഞെടുക്കപ്പെട്ട അത്യുൽപ്പാദന ശേഷിയുള്ള പശുക്കളിൽ പ്രതിദിനം 20 ലിറ്റർ മുതൽ 50 ലിറ്റർ വരെ ഉല്പാദന ക്ഷമതയുള്ള ശുദ്ധ ജഴ്സി. ശുദ്ധ ഹോൾസ്റ്റീൻ ഫ്രീഷ്യൻ, പ്രോവൻ ക്രോസ്ബ്രഡ് ജഴ്സി, പ്രോവൻ ക്രോസ് ബ്രഡ് ഹോൾസ്റ്റീൻ ഫ്രീഷ്യൻ, മികച്ച ഇന്ത്യൻ വർഗ്ഗങ്ങളായ ഗിർ, സഹിവാൾ, താർപാക്കർ, കാൻകരജ് എന്നീയിനം വിത്തുകാളകളുടെ ബീജം മൂന്നു വർഷത്തിനുള്ളിൽ രണ്ടു ലക്ഷം പശുക്കളിൽ കുത്തി |

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 317

07/07/200

മറുപടിക്ക്

## ഗ്രെയിൻ ബാങ്ക് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി :<br>ശ്രീ. പി..പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എം.കെ. പുരുഷോത്തമൻ :<br>ശ്രീ. എം. ഹംസ : | ശ്രീ. സി. ദിവാകരൻ<br>ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും<br>വകുപ്പുമന്ത്രി) |
| എ) ദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് അരി വായ്പയായി നൽകുന്ന ഗ്രെയ്ൻ ബാങ്ക് പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഗ്രെയിൻ ബാങ്ക് പദ്ധതി നടപ്പിലാക്കിവരുന്നു. |
| ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | ബി) ഭക്ഷ്യ ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഭക്ഷ്യ സാധനങ്ങൾ വായ്പയായി നൽകുന്നതിനാണ് ഈ പദ്ധതി. 30 മുതൽ 40 വരെ ബി.പി.എൽ / എ.എ.വൈ. കുടുംബങ്ങൾ അടങ്ങിയതാണ് ഒരു ഗ്രെയ്ൻ ബാങ്ക്. 5 പേർ അടങ്ങിയ ഒരു കുടുംബത്തിന് 3 മാസത്തേക്ക് 1 ക്വിന്റൽ ഭക്ഷ്യധാന്യമാണ് കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്നത്. ഭക്ഷ്യധാന്യത്തിനുള്ള തുക കേന്ദ്ര സർക്കാർ എഫ്.സി.ഐ.യിൽ മുൻകൂറായി അടച്ച ബാങ്കിന് സൗജന്യമായാണ് ഭക്ഷ്യധാന്യം നൽകുന്നത്. ഓരോ ഗ്രെയ്ൻ ബാങ്കിന് കുറഞ്ഞത് ഒരു സ്ത്രീ എങ്കിലും ഉൾപ്പെടുന്ന 3-5 പേർ അടങ്ങിയ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ആളുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതും ബാങ്കിൻെറ കാര്യങ്ങൾ നടത്തേണ്ടതും എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിന് സന്നദ്ധ സംഘടനകളെയോ, ഇക്കാര്യത്തിൽ പരിചയ സമ്പന്നതയുള്ള സർക്കാർ ഏജൻസികളെയോ ചുമതലപ്പെടുത്താവുന്നതാണ്. ഒരു വർഷമെങ്കിലും അവരോടൊപ്പം നിന്ന് സഹായിക്കുന്നതിന് 1,400/ രൂപ ഒറ്റത്തവണ ഗ്രാന്റ് ആയി നൽകുന്നതാണ്. |

സ്റ്റോറേജിനും അളവുതൂക്ക സാധനങ്ങൾ വാങ്ങുന്നതിനുമായി ഒരു ബാങ്കിന് 6,000/- രൂപ അനുവദിച്ചിട്ടുണ്ട്. ലോൺ ആയി നൽകുന്ന ഭക്ഷ്യധാന്യം പലിശയില്ലാതെ ഭക്ഷ്യധാന്യമായിത്തന്നെ മടക്കി നൽകേണ്ടതാണ്. ഒരു വർഷത്തിനുള്ളിൽ ഇടപാടുകൾ നടക്കുന്നില്ലെങ്കിൽ അംഗങ്ങളുടെ റേഷൻ വിഹിതവുമായി എക്സ്ചേഞ്ച് ചെയ്യേണ്ടതാണ്. മോണിറ്ററിംഗിനും ഭരണ ചെലവുകൾക്കുമായി ഒരു ഗ്രെയ്ൻ ബാങ്കിന് 3,000/ രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യത്തിന് കടത്ത് കൂലിയായി 1 ക്വിന്റലിന് 90/- രൂപ എന്ന നിരക്കിൽ ഒരു ഗ്രെയ്ൻ ബാങ്കിന് ആവശ്യമായ 3600/ രൂപയിൽ പകുതി കേന്ദ്ര സർക്കാരും പകുതി സംസ്ഥാനസർക്കാരുമാണ് വഹിക്കുന്നത് വില്ലേജ് ഗ്രെയ്ൻ ബാങ്ക് നടപ്പാക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് മുൻപ് അനുവദിച്ച തുകയിൽ ചെലവാക്കാതെ ബാക്കിയുള്ള 10.16 ലക്ഷം രൂപ കഴിച്ചുള്ള തുകയായ 37,05,400/- രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കൂട്ടുത്തരവാദിത്വമാണുള്ളത്. ഭക്ഷ്യ, സിവിൽ സപ്ലൈസ് വകുപ്പ് സംസ്ഥാനതലത്തിൽ ഇത് നടപ്പിലാക്കുന്നതിന്റെ സമാഹൃത റിപ്പോർട്ട് 3 മാസത്തിലൊരിക്കൽ കേന്ദ്ര സർക്കാരിന് നൽകേണ്ടതാണ്.

| | | | |
|---|---|---|---|
| സി) | ഗ്രെയ്ൻ ബാങ്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനമെന്താണ് ; | (സി) | ഗ്രെയ്ൻ ബാങ്കിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ബി.പി.എൽ/എ.എ.വൈ. കുടുംബങ്ങളിൽ നിന്നുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. |
| ഡി) | ഏതെല്ലാം ജില്ലകളിലാണ് പദ്ധതി ആവിഷ്ക്കരിക്കുന്നത് ; | (ഡി) | പാലക്കാട്, വയനാട്, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിലായി 387 ഗ്രെയ്ൻ ബാങ്കുകളാണ് നടപ്പിലാക്കുന്നത്. |
| ഇ) | എല്ലാ ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുമോ , പദ്ധതി എന്നു മുതലാണ് നടപ്പാക്കുന്നത് ? | (ഇ) | പുതിയ പദ്ധതി സമർപ്പിക്കുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടറോടും, കുടുംബശ്രീയോടും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| | | | |
|---|---|---|---|
| | | | വെയ്പു നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| സി) | കഴിഞ്ഞ വർഷത്തെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; | സി) | കഴിഞ്ഞ വർഷം ലക്ഷ്യമിട്ടിരുന്ന ഒരു ലക്ഷം കുത്തിവെപ്പുകൾ നടത്തിയിട്ടുണ്ട്. |
| ഡി) | പന്നിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം കഴിഞ്ഞ വർഷം നടത്തിയ പ്രവർത്തനം വ്യക്തമാക്കുമോ; | ഡി) | ആറു കോടി രൂപ ചെലവഴിച്ച് 1996-99 കാലഘട്ടത്തിൽ തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ സ്ഥാപിച്ച പന്നിഫാം പരിസരവാസികളുടെ എതിർപ്പിനെ തുടർന്ന് 2007-08 ൽ എറണാകുളം ജില്ലയിലെ കൂത്താട്ടുകുളത്തേയ്ക്ക് മാറ്റി സ്ഥാപിക്കുകയുണ്ടായി. പന്നി വളർത്തൽ പദ്ധതിക്ക് 2008-09 ൽ 50 ലക്ഷം രൂപയും ഈ വർഷം 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട് കൂത്താട്ടുകുളത്ത് നിലവിലുള്ള പന്നിഷെഡ് ആധുനികവൽക്കരിച്ച് പന്നിഫാം പുന:സൃഷ്ടിക്കാനുള്ള പദ്ധതി പൂർത്തിയായി വരുന്നു. പഴയതുപോലൊരു ഫാം പുന:സൃഷ്ടിക്കണമെങ്കിൽ 5 കോടി രൂപയെങ്കിലും മുടക്കേണ്ടിവരുമെന്നതിനാൽ ചെറിയ തോതിൽ മാത്രമാണ് പുന:സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളത്. |
| ഇ) | ഗോ സുരക്ഷാ പദ്ധതി ഇപ്പോൾ ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കുന്നത് എന്ന് അറിയിക്കുമോ? | ഇ) | കൊല്ലം, ഇടുക്കി ജില്ലകളിലാണ് നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 318

07.07.2009-ൽ മറുപടിയ്ക്ക്

## മാവേലി മെഡിക്കൽ സ്റ്റോറുകൾ

ചോദ്യം

ശ്രീ. എം. ചന്ദ്രൻ,
" കെ.സി. രാജഗോപാലൻ,
" ബി. രാഘവൻ,
" കെ. കുഞ്ഞിരാമൻ,
പ്രൊഫസർ. സി.രവീന്ദ്രനാഥ്

ഉത്തരം

ശ്രീ. സി. ദിവാകരൻ,
(ഭക്ഷ്യവും സിവിൽ സപ്ലൈസും
മൃഗസംരക്ഷണവും വകുപ്പ് മന്ത്രി)

(എ). മാവേലി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ബി). എത്ര മാവേലി മെഡിക്കൽ സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്;

(സി). ഇവിടെനിന്നും വിതരണം ചെയ്യുന്ന മരുന്നുകൾക്ക് എത്ര ശതമാനം വിലക്കുറവ് നൽകുന്നുണ്ട്;

എ)യും, ബി)യും, സി)യും. മാവേലി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി സപ്ലൈകോയുടെ കീഴിൽ 5 മെഡിക്കൽ മൊത്തവ്യാപാര ഡിപ്പോകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മാവേലി മെഡിക്കൽ സ്റ്റോറുകൾക്ക് ആവശ്യമായ മരുന്നുകൾ അവരുടെ ഇൻഡന്റ് പ്രകാരം മരുന്നു കമ്പനികളിൽ നിന്ന് നേരിട്ടോ കമ്പനികളുടെ C&F ഏജന്റുകളിൽ നിന്നോ മൊത്തമായി വാങ്ങുന്നതിനാൽ കൂടുതൽ മാർജിൻ ലഭിക്കുവാനും കൂടുതൽ വിലക്കിഴിവിൽ വിതരണം ചെയ്യുവാനും കഴിയുന്നു. മെഡിക്കൽ ഹോൾസെയിൽ ഡിവിഷനുകളിൽ നവീന ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റവും അത്യാധുനിക സോഫ്റ്റ്വെയർ സിസ്റ്റവും നടപ്പിലാക്കുകയും ഈ രീതിയനുസരിച്ച് കൂടുതൽ വില്പനയുള്ളതും കൂടുതൽ ആവശ്യകതയുള്ളതുമായ മരുന്നുകൾ കണ്ടെത്തുവാനും അതനുസരിച്ച് കൃത്യമായ ഇൻഡന്റിംഗിലൂടെ മരുന്നുകൾ വാങ്ങി വിതരണം ചെയ്യുവാനും കഴിയുന്നു. ഈ രീതിയിലൂടെ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും മരുന്നുകൾ കാലഹരണപ്പെട്ടു പോകുന്നത് ഒഴിവാക്കാനും കഴിയുന്നു. മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവും സുഗമവുമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ഉത്തരവുകളും കാലാകാലങ്ങളിൽ നല്കി വരുന്നു. മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനായി

| | |
|---|---|
| | ഹെഡാഫീസ് തലത്തിൽ മോണിട്ടറിംഗ് സംവിധാനവും നിലവിലുണ്ട്. ആവശ്യപ്പെടുന്ന അവസരത്തിൽ മരുന്നു ലഭ്യമല്ലെങ്കിൽ രോഗിയുടെ പേരും വിലാസവും കുറിച്ചുവെച്ച് 24 മണിക്കൂറിനുള്ളിൽ മരുന്നു ലഭ്യമാക്കി ആവശ്യക്കാരനെ അറിയിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്. സംസ്ഥാനത്ത് 90 മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. മാവേലി മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന മരുന്നുകൾക്ക് 12 ശതമാനം മുതൽ 43 ശതമാനം വരെയും വിലക്കുറവ് നല്കുന്നു. പ്രാദേശികമായി വാങ്ങുന്ന ചില മരുന്നുകൾക്ക് 10 % വിലക്കിഴിവ് നല്കുവാനെ കഴിയുന്നുള്ളൂ. |
| (ഡി). എല്ലാ ഇനം മരുന്നുകളും ശേഖരിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ? | (ഡി). സപ്ലൈകോ മെഡിക്കൽ ഹോൾസെയിൽ ഡിവിഷൻ വഴി കമ്പനികളിൽ നിന്നു് നേരിട്ടോ കമ്പനികളുടെ C&F ഏജന്റുകളിൽ നിന്നോ മരുന്നുകൾ വാങ്ങുന്നതിനാൽ പരമാവധി മരുന്നുകളും ലഭ്യമാക്കുന്നുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ പ്രാദേശിക വിതരണക്കാരിൽ നിന്നും മരുന്നുകൾ വാങ്ങി വിതരണം നടത്താറുണ്ട്. കൂടുതൽ കമ്പനികളെ ഉൾപ്പെടുത്തി എല്ലാ മരുന്നുകളും ശേഖരിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. |

Ramlal

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 319 — 7.07.2009-ൽ മറുപടിയ്ക്ക്

## ബാങ്കുകളുടെ വായ്പ-നിക്ഷേപ അനുപാതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ് | ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ബാങ്കുകളുടെ വായ്പ-നിക്ഷേപ അനുപാതം (സി.ഡി റേഷ്യോ) 2008-09 സാമ്പത്തിക വർഷത്തിൽ എന്തായിരുന്നു; | (എ) സംസ്ഥാനത്തെ ബാങ്കുകളുടെ വായ്പ നിക്ഷേപ അനുപാതം 2008-09 സാമ്പത്തിക വർഷത്തിൽ 63.54 ശതമാനമാണ്. |
| (ബി) വിദ്യാഭ്യാസ വായ്പ നൽകുന്നതിൽ സംസ്ഥാനത്തെ ബാങ്കുകൾ വിമുഖത കാണിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) ഇതു സംബന്ധമായ പരാതികൾ ഗവൺമെന്റിനു പലപ്പോഴും ലഭിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 320 07.07.2009 -ൽ മറുപടിയ്ക്ക്

**പങ്കാളിത്ത വനപരിപാലന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>,, പി. കൃഷ്ണപ്രസാദ്<br>,, കെ.സി. കുഞ്ഞിരാമൻ<br>,, രാജു എബ്രഹാം<br>,, എസ്. രാജേന്ദ്രൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വനത്തോടു ചേർന്നും വനത്തിനകത്തും താമസിക്കുന്ന വനാശ്രിത സമൂഹങ്ങളുടെ ക്ഷേമം ലക്ഷ്യമിട്ട് ആരംഭിച്ച പങ്കാളിത്ത വനപരിപാലന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) വനത്തോടു ചേർന്നും വനത്തിനകത്തും താമസിക്കുന്ന വനാശ്രിത സമൂഹങ്ങളെ ഉൾപ്പെടുത്തി പങ്കാളിത്ത വനപരിപാലനം നടപ്പിലാക്കിവരുന്നു. വനത്തിന് ഹാനികരമായ കാട്ടുതീ, നായാട്ട്, വ്യാജവാറ്റ്, അനധികൃത മരംമുറി, കഞ്ചാവുകൃഷി, കാലിമേച്ചിൽ, അനധികൃത വനവിഭവ ശേഖരണം എന്നിവയിൽ നിന്ന് വനത്തെ സംരക്ഷിക്കുക, വനപരിപാലന പ്രവൃത്തികൾ നടത്തുക, ഇവ മൂലം സമൂഹത്തിന് പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സമൂഹത്തിന്റെ സാമൂഹിക-സാമ്പത്തിക ഉന്നമനം സാദ്ധ്യമാക്കുക എന്നിവയുമാണ് പങ്കാളിത്ത വനപരിപാലനത്തിന്റെ ലക്ഷ്യങ്ങൾ. ഇതിനായി വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയായി ടെറിട്ടോറിയൽ മേഖലയിൽ വനസംരക്ഷണ സമിതികളും സംരക്ഷിത മേഖലയിൽ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രാദേശികമായി തയ്യാറാക്കുന്ന സൂക്ഷ്മാസൂത്രണരേഖയുടെ അടിസ്ഥാനത്തിലായിരിക്കും ഇവ പ്രവർത്തിക്കുന്നത്. ഇപ്പോൾ 405 വനസംരക്ഷണ സമിതികളും 193 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും നിലവിലുണ്ട്. |
| (ബി) പദ്ധതിയിൽ എത്ര കുടുംബങ്ങൾ പങ്കാളിയായിട്ടുണ്ടെന്ന് അറിയിക്കുമോ ; | (ബി) ഈ പദ്ധതിയിൽ 75,000ത്തോളം കുടുംബങ്ങൾ ഇതുവരെ പങ്കാളികളായിക്കഴിഞ്ഞു. |

- - - - - - -

| | | | |
|---|---|---|---|
| (സി) | പദ്ധതിയിൽ പങ്കാളിയാകുന്നവർക്ക് ഏതെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത് ; ഇത് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | വനപരിപാലനത്തിനും സംരക്ഷണത്തിനുമുള്ള വിവിധ കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളിൽ പങ്കാളികളാക്കുന്നതുവഴി തൊഴിലവസരങ്ങളും ഗ്രാമവികസന പ്രവർത്തനങ്ങൾക്കുള്ള ധനസഹായങ്ങളും ലഭ്യമാക്കുന്നു. ഇവ നിലവിലുള്ള മാർഗ്ഗരേഖകൾ പ്രകാരമാണ് നൽകിവരുന്നത്. എന്നാൽ ഇത്തരം ആനുകൂല്യങ്ങൾ അപര്യാപ്തമാണെന്ന അഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ? | (ഡി) | പങ്കാളിത്ത വനപരിപാലനം കൂടുതൽ കാര്യക്ഷമവും ഊർജ്ജസ്വലവുമാക്കാനുള്ള നടപടികൾ എടുത്തുവരുന്നു. ഇന്ന് സമിതികൾ നേരിട്ടുകൊണ്ടിരിക്കുന്ന പല പ്രശ്നങ്ങൾക്കും ഒരു പരിധിവരെ ഇപ്രകാരം പരിഹാരം കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 321 07 - 07 - 2009 ൽ മറുപടിക്ക്

**പ്രവാസി കേരളീയർക്കായി ഹെറിറ്റേജ് വില്ലേജ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. **പി. അയിഷാ പോറ്റി**<br>ശ്രീ. കെ. **വി.അബ്ദുൾ ഖാദർ**<br>ശ്രീ. **മഞ്ഞളാംകുഴി അലി**<br>**ശ്രീ. വി.ശിവൻകുട്ടി**<br>ശ്രീ. **വി.എൻ. വാസവൻ** | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) **പ്രവാസി കേരളീയർക്കായി ഹെറിറ്റേജ്** വില്ലേജ് സ്ഥാപിക്കുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | **(എ) പ്രവാസി** കേരളീയർക്കായി ഹെറിറ്റേജ് വില്ലേജ് സ്ഥാപിക്കുന്നതിന് വ്യക്തമായ രൂപരേഖ തീരുമാനിച്ച് സർക്കാർ മുന്നോട്ടുപോകുന്നുണ്ട്. പ്രോജക്ട് സ്റ്റഡി നടത്താൻ തയ്യാറായി 23 പ്രമുഖ സ്ഥാപനങ്ങൾ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ പൂർണ്ണമായ അവലോകനത്തിനും മേൽനോട്ടത്തിനും സർക്കാരിന് ആവശ്യമായ ഭരണപരവും സാങ്കേതികവുമായ ഉപദേശം നൽകുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 13 പേരടങ്ങുന്ന ഒരു ഉന്നതതല അവലോകന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

(ബി) വില്ലേജ് രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) കേരളത്തിൽ ബന്ധങ്ങളുടെ വേരുകൾ നഷ്ടപ്പെട്ട പ്രവാസി മലയാളികൾക്കും അവരുടെ കുട്ടികൾക്കും നമ്മുടെ നാടിന്റെ സാംസ്കാരിക തനിമ പൂർണ്ണമായും മനസ്സിലാക്കുന്നതിനും ഉൾക്കൊള്ളുന്നതിനും അവർക്ക് അവരുടെ അതേ തലത്തിലുള്ള മറ്റു പ്രവാസികളുമായി ഇടപഴകുന്നതിനും അപ്രകാരമുള്ളവരുടെ താൽകാലികമായോ സ്ഥിരമായോ ഉള്ള താമസത്തിനും വേണ്ടിയും പ്രവാസി മലയാളികളുടെ മാതാപിതാക്കൾക്കും, അശരണരായ ബന്ധുക്കൾക്കും സുരക്ഷിതമായ പാർപ്പിടം ഒരുക്കുന്നതിനും, അവരുടെ കുട്ടികൾക്ക് രാജ്യാന്തരനിലവാരത്തിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ, പ്രവാസികൾക്കും കുടുംബത്തിനും മികച്ച ചികിത്സാ സൗകര്യങ്ങൾ നൽകുന്നതിനും മറ്റുമായിട്ടാണ് ഹെറിറ്റേജ് വില്ലേജ് രൂപീകരിക്കുന്നത് .

(സി)വില്ലേജ് സ്ഥാപിക്കുന്നത് എവിടെയാണെന്ന് അറിയിക്കുമോ ;

(സി) സ്ഥലം തീരുമാനിച്ചിട്ടില്ല.

(ഡി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഡി) പദ്ധതിയുടെ നിർമ്മാണവുമായി മുന്നോട്ടു പോകുമ്പോൾ ആവശ്യമെന്നു കാണുന്ന വകുപ്പുകളുടെയെല്ലാം സേവനം ഉപയോഗപ്പെടുത്തും

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 322 7.7.2009- ൽ മറുപടിയ്ക്ക്

**കേരള പബ്ളിക് സർവ്വീസ് കമ്മിഷന്റെ ഓൺലൈൻ അപേക്ഷ സംവിധാനം**

| ചോദ്യം<br>ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ഉത്തരം<br>ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| --- | --- |
| (എ) കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ ഏതൊക്കെ പരീക്ഷകളുടെ അപേക്ഷകളാണ് ഓൺലൈൻ മുഖേന സ്വീകരിക്കുന്നത് ; | (എ) സാങ്കേതിക യോഗ്യതയുള്ളവ, ബിരുദവും അതിനുമുകളിലും അടിസ്ഥാനയോഗ്യതയുള്ളവ മുതലായ തസ്തികകളുടെ അപേക്ഷകളാണ് ഓൺലൈൻ മുഖേന സ്വീകരിച്ചു വരുന്നത്. എന്നാൽ യോഗ്യത കുറഞ്ഞ തസ്തികകൾക്കും ഓൺലൈൻ അപേക്ഷ ബാധകമാക്കണമെന്ന കമ്മിഷന്റെ തീരുമാന പ്രകാരം സമയബന്ധിതമായി തെരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ട പോലീസ് വകുപ്പിലെ ഇന്ത്യാ റിസർവ്വ് പോലീസ് ബറ്റാലിയനിലേക്കും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി. ആണെങ്കിലും ഓൺലൈൻ മുഖേന അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എസ്.എസ്.എൽ.സി. യും അതിൽ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയും ആവശ്യമായ തസ്തികയിലേക്കുള്ള അപേക്ഷകൾ ഓൺലൈൻ മുഖേനയാക്കുമ്പോൾ ഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) ഇപ്രകാരം ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ടുള്ളതായി പരാതികൾ ശ്രദ്ധയിൽ വന്നാൽ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 323

07/07/2009 - ൽ മറുപടിയ്ക്ക്

**ലക്ഷം വീടുകളുടെ പുനരുദ്ധാരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.ജി. കാർത്തികേയൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ലക്ഷം വീടുകൾ പുനരുദ്ധരിക്കുവാൻ ഉദ്ദേശമുണ്ടായിരുന്നുവോ; | (എ) | ഉണ്ടായിരുന്നു. |
| (ബി) | എങ്കിൽ ഇതിന് മൊത്തം എത്ര തുകയാണ് കണക്കാക്കുന്നത്; | (ബി) | സംസ്ഥാനത്തൊട്ടാകെ 60,000 ലക്ഷം വീടുകൾ പുനർ നിർമ്മിക്കാനുണ്ടെന്നാണ് ആദ്യ ഘട്ടത്തിൽ കണക്കാക്കിയിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ലഭ്യമാക്കിയ കണക്ക് പ്രകാരം 41164 വീടുകളാണ് പുനർ നിർമ്മിക്കാനുള്ളത്. വീടൊന്നിന് ഒരു ലക്ഷം രൂപാ വച്ച് മൊത്തം 411.64 കോടി രൂപ ചെലവ് വരും. ഇതിൽ 122 കോടിയോളം രൂപ സർക്കാർ സബ്സിഡിയാണ്. |
| (സി) | ഈ തുക എപ്രകാരം കണ്ടെത്തണമെന്നാണ് കരുതിയിരുന്നത്; | (സി) | പദ്ധതിയ്ക്കായി ബജറ്റിൽ ഇതുവരെ 37 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരള സർക്കാർ നടത്തിയ 2008 ലെ ലക്ഷം വീടുകളുടെ പുനരുദ്ധാരണ വിഷു ബമ്പർ ലോട്ടറിയിലൂടെ സമാഹരിച്ച 6.16 കോടി രൂപ ഈ പദ്ധതിയ്ക്കായി വിനിയോഗിക്കും. പദ്ധതി പൂർത്തീകരിക്കുവാൻ വേണ്ടി വരുന്ന ബാക്കി തുക കണ്ടെത്തുന്നതിനായി ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള മലയാളികൾ, മലയാളി സംഘടനകൾ, കാരുണ്യവാന്മാരും, ദാനശീലരുമായ പൊതു ജനങ്ങൾ എന്നിവരിൽ നിന്നും സംഭാവന സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി |

| | | | |
|---|---|---|---|
| | | | എം.എൻ. ലക്ഷം വീട് നവീകരണ ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ട്രഷറി അക്കൗണ്ട്(നം.15053)തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ഇതിനു വേണ്ടി 2007-08, 2008-09, 2009-10 എന്നീ വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എത്ര തുക വീതമാണ് നീക്കിവച്ചത്; | (ഡി) | 2007-2008 - 17 കോടി രൂപ<br>2008-2009 - 5 കോടി രൂപ<br>2009-2010 - 15 കോടി രൂപ |
| (ഇ) | ഇതുവരെ ഈ സ്കീമനുസരിച്ച് എത്ര തുകയാണ് ചെലവഴിച്ചതെന്നും എത്ര വീടുകൾ പുനരുദ്ധരിച്ചുവെന്നും ഇനി എത്ര വീടുകൾ കൂടി പുനരുദ്ധരിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കുമോ? | (ഇ) | 27.06.2009 വരെ എം.എൻ ലക്ഷം വീടു പുനർ നിർമ്മാണ പദ്ധതി പ്രകാരം സർക്കാർ സബ്സിഡി ഇനത്തിൽ 16,10,62,500/-(പതിനാറുകോടി പത്തു ലക്ഷത്തി അറുപത്തിരായിരത്തി അഞ്ഞൂറ്) രൂപ ചെലവഴിച്ചിട്ടുണ്ട്. ലക്ഷം വീടു പുനർ നിർമ്മാണത്തിനായി ഭവന നിർമ്മാണ ബോർഡിനു ലഭിച്ച അപേക്ഷ പ്രകാരം 11475 വീടുകൾ പുനർ നിർമ്മിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ഇവയിൽ തങ്ങളുടെ വിഹിതം വകയിരുത്തിയ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 5760 വീടുകൾ പുനർ നിർമ്മിക്കുന്നതിനായി 27.06.09 വരെ 16,10,62,500/- രൂപ (പതിനാറുകോടി പത്തു ലക്ഷത്തി അറുപത്തിരായിരത്തി അഞ്ഞൂറ് രൂപ) ഈ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇവയിൽ 1075 വീടുകളുടെ പുനർ നിർമ്മാണം ആരംഭിച്ചതിൽ 252 വീടുകൾ പൂർത്തിയായി. ഇനിയും അപേക്ഷ ലഭിക്കാനുള്ളവ ഉൾപ്പെടെ ബാക്കി വീടുകൾ പുനർ നിർമ്മിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 324

07-07-2009 -ൽ മറുപടിയ്ക്ക്

### സ്വർണ്ണത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. എ.സി.മൊയ്തീൻ :<br>ശ്രീമതി കെ.കെ.ലതിക : | | ശ്രീ. സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) | |
| (എ) | സ്വർണ്ണത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ; | (എ) | ലീഗൽ മെട്രോളജി വകുപ്പിന്റെ കീഴിൽ എറണാകുളത്ത് കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ ഒരു ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബ് (Gold Purity Testing Lab) പ്രവർത്തിച്ചുവരുന്നു. |
| (ബി) | കഴിഞ്ഞ വർഷം എത്ര സ്വർണ്ണക്കടകളിലെ സ്വർണ്ണം പരിശോധനാ വിധേയമാക്കി എന്ന് അറിയിക്കുമോ ; | (ബി) | കഴിഞ്ഞവർഷം സംസ്ഥാനത്തൊട്ടാകെ 3800 സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾ പരിശോധിക്കുകയും, തൂക്കത്തിൽ വെട്ടിപ്പ് നടത്തിയതിനെതിരെ 1985 -ലെ സ്റ്റാൻഡേഡ്സ് ഓഫ് വെയിറ്റ്സ് ആന്റ് മെഷേഴ്സ് (എൻഫോഴ്സ്മെന്റ്) ആക്ട് സെക്ഷൻ 39 (2) പ്രകാരം 75 കേസുകൾ കണ്ടെത്തിയിട്ടുണ്ട്. സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾ പരിശോധന നടത്തുന്ന അവസരത്തിൽ സ്വർണ്ണത്തിന്റെ ശുദ്ധത പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. സ്വർണ്ണാഭരണങ്ങളിൽ പതിച്ചിട്ടുള്ള രത്നങ്ങളുടെയും കല്ലുകളുടെയും തൂക്കവും സ്വർണ്ണത്തിന്റെ തൂക്കവും പ്രത്യേകം പ്രത്യേകം പരിശോധിക്കുമ്പോൾ പ്രഖ്യാപിച്ചിട്ടുള്ള സ്വർണ്ണത്തിന്റെ തൂക്കത്തിൽ കുറവുണ്ടായതായി കാണപ്പെട്ടാൽ അതിൻമേൽ നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | സ്വർണ്ണത്തിന്റെ ബി.ഐ.എസ് ഹാൾ മാർക്കിംഗ് റഫറൽ കേന്ദ്രത്തിൽ നിലവിലുള്ള സൗകര്യങ്ങൾ എന്തെല്ലാമാണ് ; | (സി) | ലീഗൽ മെട്രോളജി വകുപ്പിന്റെ കീഴിൽ കാക്കനാട് പ്രവർത്തിക്കുന്ന ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിനെ (Gold Purity Testing Lab) സ്വർണ്ണാഭരണങ്ങളുടെ ശുദ്ധത സംബന്ധിച്ച ബി.ഐ.എസ് ഹാൾ മാർക്കിംഗ് ചെയ്യുന്നതിനുള്ള റഫറൽ കേന്ദ്രമായി ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | മായം ചേർത്ത സ്വർണ്ണം വില്പന നടത്തുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ ? | (ഡി) | നിലവിലുള്ള നിയമങ്ങൾ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 325 — 07.07.2009 -ൽ മറുപടിയ്ക്ക്

## വൃക്ഷ അതോറിറ്റികളുടെ രൂപീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. അജിത്<br>,, എൻ. രാജൻ<br>,, വി.എസ്. സുനിൽകുമാർ<br>,, രാജാജി മാത്യൂ തോമസ്.<br>ശ്രീമതി ഇ.എസ്. ബിജിമോൾ. | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വൃക്ഷ അതോറിറ്റികൾ രൂപീകരിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഈ അതോറിറ്റിയിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്താനുദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) പരിഗണനയിലുള്ള കരട് നിർദ്ദേശ പ്രകാരം കോർപ്പറേഷൻ മേഖലയിൽ കോർപ്പറേഷനിലെ മേയർ ചെയർമാനും ബന്ധപ്പെട്ട എം.എൽ.എ, ബന്ധപ്പെട്ട അധികാര പരിധിയിലുള്ള റവന്യൂ ഡിവിഷണൽ ഓഫീസർ, മേഖല/സീനിയർ ജില്ലാ ടൗൺ പ്ലാനർ, പ്രകൃതി സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖരായ രണ്ടു വ്യക്തികൾ, ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, എന്നിവർ അംഗങ്ങളും മുനിസിപ്പൽ കോർപ്പറേഷൻ കമ്മീഷണർ കൺവീനറും ആയിട്ടുള്ള വൃക്ഷ അതോറിറ്റി രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>മുനിസിപ്പാലിറ്റിയിൽ/ടൗൺഷിപ്പിൽ മുനിസിപ്പൽ ചെയർപേഴ്സൺ ചെയർമാനും, ബന്ധപ്പെട്ട എം.എൽ.എ, ബന്ധപ്പെട്ട തഹസീൽദാർ, പ്രകൃതി സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖരായ രണ്ടു വ്യക്തികൾ, ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി റെയിഞ്ചാഫീസർ എന്നിവർ അംഗങ്ങളും മുനിസിപ്പൽ കമ്മീഷണർ കൺവീനറും ആയിട്ടുള്ള വൃക്ഷ അതോറിറ്റി രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>ബ്ലോക്ക് പഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, സർക്കാർ നിർദ്ദേശിക്കുന്ന രണ്ട് ഗ്രാമ പഞ്ചായത്തുക |

ളുടെ പ്രസിഡന്റുമാർ, ബന്ധപ്പെട്ട തഹ സീൽദാർ, പ്രകൃതി സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖരായ 2 വ്യക്തികൾ, ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി റെയിഞ്ചാ ഫീസർ, ചെയർപേഴ്സൺ നിയമിക്കുന്ന ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ മെമ്പർമാ രും, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൺവീ നറും ആയിട്ടുള്ള വൃക്ഷ അതോറിറ്റി രൂപീകരി ക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഈ വൃക്ഷ അതോറിറ്റിക ളുടെ ചുമതലകൾ എന്തെ ല്ലാമായിരിക്കുമെന്ന് വിശ ദീകരിക്കുമോ ?

(സി) കരട് നിർദ്ദേശപ്രകാരം വൃക്ഷ അതോറിറ്റി യുടെ ചുമതലകൾ താഴെപ്പറയുന്നവയാണ്.

(എ) സർക്കാർ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനുള്ള അപേക്ഷയിൻമേൽ സ്ഥലപരിശോധന നടത്തുന്ന ട്രീ ഓഫീ സർമാരുടെ റിപ്പോർട്ടിന്റെയും, മറ്റു ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാന ത്തിൽ തീരുമാനമെടുക്കുക.

(ബി)അത്യാവശ്യ സാഹചര്യങ്ങളിൽ ഇതിൽപ്പ റയുന്ന നിയമങ്ങൾ നടപ്പിലാക്കുന്നതി നുള്ള നടപടികൾ സ്വമേധയാ എടുക്കുക.

(സി) ട്രീ അതോറിറ്റിയുടെ അധികാരപരിധി യിൽ വരുന്ന പ്രദേശത്ത് വൃക്ഷവൽക്കര ണവും, വൃക്ഷ സംരക്ഷണവും നടത്തു ന്നതിനുള്ള പദ്ധതി തയ്യാറാക്കുക.

(ഡി) ട്രീ അതോറിറ്റിയുടെ പരിധിയിൽ വരുന്ന വൃക്ഷങ്ങളുടെ സംരക്ഷണം.

(ഇ) നിലവിലുള്ള മരങ്ങളുടെ കണക്കെടു ക്കുക, ആവശ്യമെങ്കിൽ അതോറിറ്റിയുടെ അധികാരപരിധിയിലുള്ള വ്യക്തികളുടെ കൈവശമുള്ള ഭൂമിയിലെ വൃക്ഷങ്ങളുടെ കണക്കും ശേഖരിക്കുക.

(എഫ്) പ്രാദേശികമായി ഓരോ സ്ഥലത്തും ഏതെല്ലാം തരത്തിലുള്ള തൈകൾ നടണ മെന്നും, എത്രവീതം നടണമെന്നും നിർദ്ദേ ശിക്കുക.

(ജി) വൃക്ഷത്തൈകളുടെ നഴ്സറി നിർമ്മി ക്കുക, മുറിച്ചുമാറ്റിയതും, നശിച്ചതുമായ മരങ്ങൾക്ക് പകരമായി നടുന്നതിന് ആവ ശ്യമായ തൈകളോ വിത്തുകളോ ആവ

ശ്യക്കാർക്ക് വിതരണം ചെയ്യുക.

(എച്ച്) പൊതു സ്ഥലങ്ങളിൽ ജീവനും സ്വത്തിനും ഭീഷണിയായിട്ടുള്ള മരങ്ങളും, റോഡ്, കനാൽ, കെട്ടിടങ്ങൾ തുടങ്ങിയവയുടെ നിലനിൽപ്പിനും നിർമ്മാണത്തിനും വിഘാതമായി നിൽക്കുന്ന മരങ്ങൾ മാറ്റി നടുന്നതിനോ, പുതിയവ നടുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കുക.

(ഐ) റോഡരികുകളിലും, കായൽ-നദീ-തടാക തീരങ്ങളിലും , തീരപ്രദേശങ്ങളിലും, പാർക്കുകളിലും ആവശ്യാനുസരണം വൃക്ഷത്തൈകൾ നടുന്നതിനും പരിപാലനത്തിനുമുള്ള ചുമതല.

(ജെ) വൃക്ഷപരിപാലനം, പ്രകൃതി സംരക്ഷണം, ജൈവവൈവിദ്ധ്യം ഇവ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി വേണ്ട പ്രചാരണ, പ്രദർശന പ്രവർത്തനങ്ങൾ നടത്തുക.

(കെ) ഈ നിയമം നടപ്പിലാക്കുന്നതിന് അതാതു കാലങ്ങളിൽ സർക്കാർ എടുക്കുന്ന തീരുമാനങ്ങൾ പ്രാവർത്തികമാക്കുക.

(എൽ) ഈ നിയമം നടപ്പിലാക്കുന്നതിന് ആവശ്യമെങ്കിൽ ബന്ധപ്പെട്ട സ്ഥലം പരിശോധിക്കുക.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 326 — 07.07.2009-ൽ മറുപടിക്ക്

ഫോറസ്റ്റ് സ്റ്റേഷനുകളുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.സി. രാമൻ<br>ശ്രീ. എം. ഉമ്മർ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ. സംസ്ഥാനത്ത് എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | എ. സംസ്ഥാനത്ത് ആകെ 94 ഫോറസ്റ്റ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 1. വയനാട് ജില്ല | 5 |
| 2. തൃശൂർ ജില്ല | 16 |
| 3. എറണാകുളം ജില്ല | 16 |
| 4. പത്തനംതിട്ട ജില്ല | 16 |
| 5. കോട്ടയം ജില്ല | 16 |
| 6. പാലക്കാട് ജില്ല | 10 |
| 7. മലപ്പുറം ജില്ല | 11 |
| 8. ഇടുക്കി ജില്ല | 4 |
| ആകെ | 94 |

| | |
|---|---|
| ബി. വനസംരക്ഷണത്തിന്റെ അടിസ്ഥാന യൂണിറ്റായ സ്റ്റേഷൻ സംവിധാനം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | ബി. സ്റ്റേഷൻ സംവിധാനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഗതാഗതം, വാർത്താവിനിമയം എന്നീ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി എല്ലാ ഫോറസ്റ്റ് സ്റ്റേഷനുകളിലേയ്ക്കും വാഹനങ്ങൾ, വയർലസ് സെറ്റ്, വാക്കി ടോക്കി, ആയുധങ്ങൾ, എന്നിവ നൽകി ഫോറസ്റ്റ് സ്റ്റേഷനുകളെ ശക്തിപ്പെടുത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി. | പുതിയ സ്റ്റേഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി. | കൂടുതൽ സ്ഥലങ്ങളിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ ലക്ഷ്യമിടുന്നുണ്ട്. ഓരോ പ്രദേശങ്ങളിലേയും സംരക്ഷണ പ്രശ്നങ്ങളും, വനങ്ങളുടെ ജൈവവൈവിധ്യ സമ്പത്തും കണക്കിലെടുത്തുകൊണ്ടാണ് ഫോറസ്റ്റ് സ്റ്റേഷനുകൾ എവിടെയെല്ലാം സ്ഥാപിക്കണം എന്നുള്ള തീരുമാനം കൈക്കൊള്ളുന്നത്. |
| ഡി. | എങ്കിൽ എവിടെയൊക്കെ എന്ന് വെളിപ്പെടുത്താമോ? | ഡി. | പുതിയ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം -

### പുതുതായി ആരംഭിക്കുവാനുള്ള ഫോറസ്റ്റ് സ്റ്റേഷനുകളുടെ പട്ടിക

| ക്രമ നം | സർക്കിളിന്റെ പേര് | ഡിവിഷന്റെ പേര് | റെയിഞ്ചിന്റെ പേര് | പുതുതായി ആരംഭിക്കുന്ന സ്റ്റേഷൻ |
|---|---|---|---|---|
| 1. | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | തിരുവനന്തപുരം വൈൽഡ്ലൈഫ് | നെയ്യാർ വന്യജീവി സങ്കേതം | 1. ആനനിരത്തി |
| | | | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | 2. കോട്ടൂർ |
| | | ഷെന്തുരുണി വന്യജീവി സങ്കേതം | ഷെന്തുരുണി | 3. കട്ടിലപ്പാറ |
| 2. | സതേൺ സർക്കിൾ, കൊല്ലം. | പുനലൂർ | പത്തനാപുരം | 4. പുന്നല<br>5. അമ്പനാർ |
| 3. | ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം. | മൂന്നാർ വൈൽഡ്ലൈഫ് ഡിവിഷൻ | ചിന്നാർ | 6. ചിന്നാർ |
| 4. | ഹൈ റെയിഞ്ച് സർക്കിൾ, കോട്ടയം | കോതമംഗലം | തൊടുപുഴ | 7. വേലൂർ |
| | | മറയൂർ | മറയൂർ | 8. ചിലന്തിയാർ |
| | | മൂന്നാർ | ദേവികുളം | 9. മതികെട്ടാൻ |
| 5. | സെൻട്രൽ സർക്കിൾ, തൃശൂർ | ചാലക്കുടി | പരിയാരം | 10. കൊന്നാകുഴി<br>11. ചിയപ്പൻകുഴി |
| | | ചാലക്കുടി | പാലപ്പിള്ളി | 12. വരൻദരപ്പിള്ളി<br>13. കരികടവ് |
| | | ചാലക്കുടി | വെള്ളികുളങ്ങര | 14. മുപ്പിലിയം |
| 6. | നോർത്തേൺ സർക്കിൾ, കണ്ണൂർ | വയനാട് സൗത്ത് | മേപ്പാടി | 15. കൊട്ടപ്പാടി<br>16. വൈത്തിരി |
| | | വയനാട് സൗത്ത് | കൽപ്പറ്റ | 17. പടിഞ്ഞാറെത്തറ |
| | | വയനാട് സൗത്ത് | ചെതലത്ത് | 18. പുൽപ്പള്ളി |
| 7. | ഈസ്റ്റേൺ സർക്കിൾ, ഒലവക്കോട് | നെമ്മാറ | ആലത്തൂർ | 19. മംഗലം ഡാം |
| | | നെമ്മാറ | കൊല്ലങ്കോട് | 20. തേക്കടി |
| | | നെമ്മറ | നെല്ലിയാംപതി | 21. നെല്ലിയാംപതി |
| 8. | വൈൽഡ്ലൈഫ്, പാലക്കാട് | വയനാട് | തോൽപ്പെട്ടി | 22. ബാവേലി |
| | | വയനാട് | മുത്തങ്ങ | 23. നൂൽപ്പുഴ |
| | | വയനാട് | സുൽത്താൻ ബത്തേരി | 24. നായ്ക്കട്ടി |
| | | വയനാട് | കുറിച്ചിയാട്ട് | 25. വണ്ടിക്കടവ് |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
11-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 327 — 7.7..2009-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ഡിപ്പോ മേധാവികൾ

ചോദ്യം — ഉത്തരം

ശ്രീ. വർക്കല കഹാർ
ശ്രീ. എ.പി. അനിൽ കുമാർ
ശ്രീ. അടൂർ പ്രകാശ്

ശ്രീ. വി.എസ് അച്യുതാനന്ദൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം ഫലപ്രദമാക്കാൻ മാനേജ്മെന്റ് ബിരുദധാരികളെ ഡിപ്പോ തലത്തിൽ തലവന്മാരായി നിയമിക്കാൻ ഉദ്ദേശ്യമുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ നവീകരണം സംബന്ധിച്ച 2003-ലെ ഉന്നതാധികാര സമിതി റിപ്പോർട്ടിൽ മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദധാരികളെ (എം.ബി.എ) എ.ടി.ഒ. മാരായി നിയമിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. ആകെ പോസ്റ്റിന്റെ 15%, എം.ബി.എ ബിരുദമുള്ള കെ.എസ്.ആർ.ടി.സി. ജീവനക്കാരിൽ നിന്നും, 25% ടി യോഗ്യതയുള്ളവരെ വെളിയിൽനിന്നും തിരഞ്ഞെടുത്തു നിയമിക്കണമെന്നാണ് ശുപാർശ. ഇതംഗീകരിച്ചുകൊണ്ട് G.O.(MS) No.9/2004/Tran. dated 12.3.2004 നമ്പരായി സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | അതുമൂലം കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്താനും അതിനെ ലാഭത്തിലെത്തിക്കാനും കഴിയുമെന്ന് കരുതുന്നുണ്ടോ; | (ബി) | ഈ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് മേൽ ശുപാർശ അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുള്ളത്. |
| (സി) | ഇപ്പോൾ കോർപ്പറേഷന്റെ ഡിപ്പോ മേധാവികളായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതയെന്താണ്; | (സി) | എ.ടി.ഒ തസ്തികയിൽ ഇൻസ്പെക്ടർ തസ്തികയിലെ സീനിയർ ആയിട്ടുള്ള ഉദ്യോഗസ്ഥരെ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മറ്റി തെരഞ്ഞെടുക്കുകയും പരിശീലനം നൽകി |

| | | | |
|---|---|---|---|
| | | | നിയമിക്കുകയുമാണ് ചെയ്യുന്നത്. ഡി.ടി.ഒ., എ.ടി.ഒ. തസ്തികയുടെ പ്രമോഷൻ തസ്തികയാണ്. കണ്ടക്ടർമാരാകാൻ വേണ്ട അടിസ്ഥാന യോഗ്യതയായ എസ്.എസ്.എൽ.സി. യോ തത്തുല്യ യോഗ്യതയോ തന്നെയാണ് ഇവർക്കും വേണ്ടത്. |
| (ഡി) | അവർക്ക് മാനേജ്മെന്റിൽ എന്തെങ്കിലും പരിശീലനം നൽകുന്നുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം നൽകുമോ? | (ഡി) | യൂണിറ്റ് മേധാവികളായി നിയമിക്കുന്നതിന് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി തിരഞ്ഞെടുക്കുന്നവർക്ക് നിയമനത്തിനുമുൻപ് കെ.എസ്.ആർ.ടി.സി.യുടെ സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ പരിശീലനം നൽകിവരുന്നുണ്ട്. യൂണിറ്റ് മാനേജ്മെന്റ് സംബന്ധിച്ച വിഷയങ്ങളാണ് പ്രസ്തുത പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു മാസമാണ് ടി പരിശീലന കാലയളവ്. പ്രസ്തുത കാലയളവിൽ യൂണിറ്റുകളുടെ എല്ലാ പ്രവർത്തനങ്ങളും സംബന്ധിച്ച സമഗ്രമായ പരിശീലനമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പൂനയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് ട്രാൻസ്പോർട്ടിൽ നടത്തിവരുന്ന ട്രെയിനിംഗിനും ഡിപ്പോ മേധാവികളെ തെരഞ്ഞെടുത്ത് നിയോഗിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 328 — 07.07.2009 ൽ മറുപടിക്ക്

## വിദേശ സഹായത്തോടെ നടപ്പാക്കുന്ന വികസന പദ്ധതികൾ

ചോദ്യം — ഉത്തരം

ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. തോമസ് ചാഴിക്കാടൻ
ശ്രീ. ജോസഫ് എം. പുതുശ്ശേരി

ശ്രീ. വി.എസ്. അച്യുതാനന്ദൻ
മുഖ്യമന്ത്രി

| | | |
|---|---|---|
| എ. | വിദേശ സഹായത്തോടെ സംസ്ഥാനത്തു നടപ്പാക്കുന്ന വികസന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | വിദേശ സഹായത്തോടെ സംസ്ഥാനത്തു നടപ്പാക്കുന്ന വികസന പദ്ധതികൾ ചുവടെ പറയുന്നവയാണ്.<br>1. കേരള സുസ്ഥിര നഗര വികസന പദ്ധതി.<br>2. സുനാമി അടിയന്തിര സഹായ പദ്ധതി.<br>3. ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം.<br>4. കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി<br>5. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട്.<br>6. കേരള വാട്ടർ സപ്ളൈ പ്രോജക്ട്.<br>7. അട്ടപ്പാടി വേസ്റ്റ് ലാന്റ് കോംപ്രിഹെൻസീവ് പ്രോജക്ട്.<br>8. നാഷണൽ ഹൈഡ്രോളജി പ്രോജക്ട് |
| ബി. | പ്രസ്തുത പദ്ധതികൾക്കു അനുവദിച്ച തുക എത്ര; ആയതു പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (പട്ടിക താഴെ) |

| നം. | പദ്ധതി | അനുവദിച്ച തുക (കോടിയിൽ) |
|---|---|---|
| 1 | കേരള സുസ്ഥിര നഗര വികസന പദ്ധതി | 210.81 |
| 2 | സുനാമി അടിയന്തിര സഹായ പദ്ധതി. | 245.46 |
| 3 | ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം | 52.98 |
| 4 | കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി | 276.19 |
| 5 | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട് | 1612.00 |
| 6 | കേരള വാട്ടർ സപ്ളൈ പ്രോജക്ട്. | 1227.79 |
| 7 | അട്ടപ്പാടി വേസ്റ്റ് ലാന്റ് കോംപ്രിഹെൻസീവ് പ്രോജക്ട് | 219.00 |
| 8 | നാഷണൽ ഹൈഡ്രോളജി പ്രോജക്ട് (ജലസേചന വകുപ്പ്) | 10.50 |
| 9 | നാഷണൽ ഹൈഡ്രോളജി പ്രോജക്ട് (ഭൂജല വകുപ്പ്) | 9.64 |

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി, ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്നിവയ്ക്കനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. മറ്റു പദ്ധതികളുടെ കാലപരിധി പൂർത്തിയാകാത്തതിനാലാണ് അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാത്തത്.

| | | |
|---|---|---|
| സി. | പദ്ധതികൾ യഥാസമയം പൂർത്തിയാകാത്തതുമൂലം സർക്കാരിനുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; | പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള കാലതാമസം സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കാനിടയുണ്ട്. ചില പദ്ധതികളുടെ വ്യവസ്ഥകൾ പ്രകാരം പൂർണ്ണതോതിൽ വായ്പയെടുക്കാതിരിക്കുന്നതുമൂലം ബന്ധപ്പെട്ട ഏജൻസികൾക്ക് കമ്മിറ്റ്മെന്റ് ചാർജ്ജ് നൽകേണ്ടിവരുന്ന സാഹചര്യം ഉണ്ടാക്കും. ഇങ്ങനെയുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത പദ്ധതി കാലാവധി പൂർത്തിയാകുന്ന ഘട്ടത്തിലേ തിട്ടപ്പെടുത്താനാകുകയുള്ളൂ |
| ഡി. | പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ? | പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ സംവിധാനം നിലവിലുണ്ട്. അതിലുള്ള പോരായ്മകൾ പരിഹരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. : 329

07.07.2009 ൽ മറുപടിയ്ക്ക്

# അന്തർ സംസ്ഥാന നദീ ജല തർക്കങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.എൻ.ജയരാജ് :<br>ശ്രീ.തോമസ് ഉണ്ണിയാടൻ : | ശ്രീ. വി.എസ്.അച്ചുതാനന്ദൻ<br>(ബഹു: കേരളാ മുഖ്യമന്ത്രി) |
| എ) അന്തർസംസ്ഥാനനദീ ജല തർക്കങ്ങൾ പരിഹരിക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുളളത് ; | എ) അന്തർസംസ്ഥാന നദീജലതർക്കങ്ങൾ പരിഹരിക്കാനായി ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 262 അടിസ്ഥാനമാക്കി പാർലമെന്റ് പാസ്സാക്കിയിട്ടുളള ഇന്റർ സ്റ്റേറ്റ് വാട്ടർ ഡിസ്പ്യൂട്ട് ആക്ട് 1956-ലെ വകുപ്പ് -3 പ്രകാരം അന്തർ സംസ്ഥാന നദീജല തർക്കങ്ങൾ ഒരു ട്രൈബ്യൂണലിലേക്ക് മാറ്റുവാനായി സംസ്ഥാന ഗവൺമെന്റിന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടാവുന്നതാണ്. തർക്കം ചർച്ചകളിലൂടെയും സമവായത്തിലൂടെയും പരിഹരിക്കപ്പെട്ടില്ല എന്ന് കേന്ദ്രഗവൺമെന്റിന് ബോധ്യപ്പെട്ടാൽ, അപേക്ഷ ലഭിച്ച് ഒരു വർഷത്തിനുള്ളിൽ ഗസറ്റ് വിജ്ഞാപനത്തിലൂടെ ഒരു നദീജല തർക്ക ട്രൈബ്യൂണൽ രൂപീകരിക്കണമെന്ന് ടി ആക്റ്റ് സെക്ഷൻ 4-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതു കൂടാതെ 1956-ൽ പാസ്സാക്കിയ റിവർ ബോർഡ് ആക്ടും നിലവിലുണ്ട്.. |
| ബി) നിലവിൽ ഏതൊക്കെ നദികളുടെ ജലം പങ്കിടുന്നതുമായി ബന്ധപ്പെട്ടാണ് തർക്കങ്ങൾ ഉളളത് ; | ബി) കേരളത്തിലൂടെ ഒഴുകുന്ന കാവേരി നദിയുടെ പോഷകനദികളായ കബനി, ഭവാനി, പാമ്പാർ എന്നീ നദികളുമായി ബന്ധപ്പെട്ട് അയൽ സംസ്ഥാനങ്ങളുമായി തർക്കമുണ്ട്. |
| സി) ഈ തർക്കങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ? | സി) കാവേരി നദീ ജലതർക്കം പരിഹരിക്കുന്നതിനായി സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം. 1990-ൽ ന്യൂഡൽഹി ആസ്ഥാനമായി 3 ജഡ്ജിമാർ ഉൾപ്പെട്ട 'കാവേരി നദീജലതർക്ക ട്രൈബ്യൂണൽ' കേന്ദ്രഗവൺമെന്റ് രൂപീകരിച്ചു. ഈ തർക്കത്തിൽ കർണ്ണാടക, തമിഴ്നാട്, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങൾക്കൊപ്പം കേരളവും 'സ്റ്റേറ്റുമെന്റ് ഓഫ് കേസ് ' ട്രൈബ്യൂണലിൽ ഫയൽ ചെയ്തു. എന്നാൽ ഫെബ്രുവരി 5, 2007-ൽ ട്രൈബ്യുണൽ പുറപ്പെടുവിച്ച അന്തിമ വിധിയിൽ അർഹതപ്പെട്ട ജലം അനുവദിക്കാത്തതിനാൽ 30.04.07-ൽ സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനും, ട്രൈബ്യുണലിൽ **ISW Act Section 5(3)** പ്രകാരം **Application**-ഉം കേരളം ഫയൽ ചെയ്തു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 330

7.7.2009 ൽ
മറുപടിയ്ക്ക്

## പുതിയ ഐ.ടി. പാർക്കുകൾ

**ചോദ്യം**

ശ്രീ. കെ.എം. മാണി ;

എ) പുതുതായി എത്ര ഐ.ടി. പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു ;

ബി) അവ എവിടെയെല്ലാമാണ് ;

സി) ഇതിന്റെ മൂലധനം എവിടെനിന്നെല്ലാമാണ് സ്വരൂപിക്കുന്നത് ;

ഡി) ഈ പാർക്കുകളിൽ ഏതെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

ഇ) ഇവ എന്ന് പൂർത്തിയാകാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും

തിരുവനന്തപുരത്തെ ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനത്തിനും ടെക്നോസിറ്റി പദ്ധതിക്കും കൊച്ചിയിലെ ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനും കൊല്ലം ജില്ലയിലെ കുണ്ടറ, ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ, കാസർഗോഡ് ജില്ലയിലെ ചീമേനി, കണ്ണൂർ ജില്ലയിലെ എരമം, കോഴിക്കോട് ജില്ലയിലെ നെല്ലിക്കോട് - പന്തീരങ്കാവ്, തൃശൂർ ജില്ലയിലെ കൊരട്ടി എന്നിവിടങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനും ഉള്ള അനുമതി നൽകിയിട്ടുണ്ട്. മറ്റു ജില്ലകളിലും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി. പാർക്കുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സി) സർക്കാർ ഫണ്ട്, സ്വകാര്യ സംരംഭകർ, സർക്കാരും സ്വകാര്യ സംരംഭകരും ചേർന്നുള്ള പങ്കാളിത്തം, ബാങ്ക് ലോൺ, നബാർഡ് ലോൺ എന്നിവ വഴി മൂലധനം സ്വരൂപിക്കുന്നതാണ്.

(ഡി) ആന്റ് (ഇ)

തൃശൂർ ജില്ലയിലെ കൊരട്ടിയിൽ ആരംഭിക്കുന്ന ഐ.ടി. പാർക്കിന്റെ ആദ്യഘട്ട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ഈ വർഷം ആരംഭിക്കാവുന്നതാണ്. കൊല്ലം, ചേർത്തല, അമ്പലപ്പുഴ എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. കണ്ണൂരിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് പാർക്കിനുള്ള സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു. ടെക്നോപാർക്ക് മൂന്നാംഘട്ടത്തിലെ 10 ലക്ഷം സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ഇതിനു വേണ്ടിയുള്ള ടെണ്ടർ ആയിട്ടുണ്ട്. ടെക്നോസിറ്റി പദ്ധതിക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനായുള്ള സ്ഥലമെടുപ്പ് നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ